I.T

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നം. * 211 — 14.7.2011-ൽ മറുപടിക്ക്

# മെഡിക്കൽ കോളേജുകളിൽ ഗവേഷണത്തിനുള്ള സൗകര്യങ്ങൾ

**ചോദ്യം**

ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ:

**ഉത്തരം**

ശ്രീ. അടൂർപ്രകാശ്
(ആരോഗ്യവും കയറും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ അഞ്ചു സർക്കാർ മെഡിക്കൽ കോളേജുകളിൽ ഗവേഷണത്തിനുള്ള സൗകര്യങ്ങൾ എത്രമാത്രമുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജുകളിലെ ഗവേഷണ പരിപാടികൾ സുഗമമായി നടക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ;

(എ) & (ബി)
സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഗവേഷണത്തിനുവേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും നിലവിലുണ്ട്. റിസർച്ചുകൾ നടത്തുന്നതിലേക്കായി സ്റ്റേറ്റ് മെഡിക്കൽ റിസർച്ച് ബോർഡിന്റെ ഗ്രാന്റ് വർഷം തോറും ലഭിക്കുന്നുണ്ട്. റിസർച്ചുകൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി ഓരോ മെഡിക്കൽ കോളേജുകളിലും എത്തിക്സ് കമ്മിറ്റികളും ഇൻസ്റ്റിറ്റ്യൂഷണൽ റിസർച്ച് കമ്മിറ്റികളും പ്രവർത്തിച്ചുവരുന്നു. ഗവേഷണ പ്രവർത്തനങ്ങൾക്കായി സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ച് വഴി ലഭ്യമാകുന്ന തുക ഓരോ സ്ഥാപനത്തിലും വിനിയോഗിക്കുന്നുണ്ട്.

(സി) ഗവേഷണത്തിനുള്ള ഭൗതിക സാഹചര്യങ്ങളുടെ അഭാവം നേരിടുന്ന മെഡിക്കൽ കോളേജുകൾ ഏതെല്ലാമാണ് ; എന്തെല്ലാം കുറവുകളാണ് അവിടെയുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) തൃശൂർ മെഡിക്കൽ കോളേജിൽ ഭൗതിക സാഹചര്യങ്ങളുടെ അഭാവം ഉണ്ട്. ഇവിടെ അക്കാഡമിക് ബ്ലോക്കിന് നല്ല കെട്ടിടമില്ല എന്നതും ഒരപര്യാപ്തതയാണ്.

(ഡി) പ്രസ്തുത മെഡിക്കൽ കോളേജുകളിൽ എല്ലാ ഡിപ്പാർട്ടുമെന്റിലും ഇന്റർനെറ്റ് സംവിധാനം ലഭ്യമാണോ ;

(ഡി) നാഷണൽ മിഷൻ ഓൺ എജ്യൂക്കേഷൻ ത്രൂ ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ

ടെക്ക്നോളജി ഏർപ്പെടുത്തിയതുവഴി മെഡിക്കൽ കോളേജുകളിലെ മിക്ക ഡിപ്പാർട്ടുമെന്റുകളിലും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) പ്രസ്തുത മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർക്ക് ഗവേഷണത്തിനുവേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കുന്നത് എപ്രകാരമാണ് ;

(ഇ) സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ച് വഴി ഗവേഷണങ്ങൾക്കായി ലഭ്യമാക്കുന്ന തുക 2:2:1:1:1 എന്ന അനുപാതത്തിൽ എല്ലാ മെഡിക്കൽ കോളേജുകളിലും ലഭ്യമാക്കുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂഷണൽ റിസർച്ച് കമ്മിറ്റിയിൽ ലഭ്യമാക്കുന്ന റിസർച്ച് പ്രോജക്ടുകൾ അപഗ്രഥനം ചെയ്തശേഷം ഓരോ ഡോക്ടർമാർക്കും അനുവദനീയമായ തുക നൽകിവരുന്നുണ്ട്.

(എഫ്) പ്രസ്തുത മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ ഗവേഷണ പരിപാടികൾക്ക് വിഘ്നം വരാതിരിക്കുന്നതിനും, ഇവർ തയ്യാറാക്കുന്ന പ്രബന്ധങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനും, അന്താരാഷ്ട്ര നിലവാരമുള്ള പുസ്തകങ്ങളുടെയും ജേർണലുകളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

(എഫ്) മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ ഗവേഷണ പരിപാടികൾക്ക് വിഘ്നം വരാതിരിക്കുന്നതിനും ഇവർ തയ്യാറാക്കുന്ന പ്രബന്ധങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനും, അന്താരാഷ്ട്ര നിലവാരമുള്ള പുസ്തകങ്ങളുടെയും ജേർണലുകളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ .212

14.07.2011ൽ മറുപടിയ്ക്ക്

## അനധികൃതമായി ജലം വിൽക്കുന്ന സംഘങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ.വി .ഡി .സതീശൻ<br><br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>വി .പി .സജീന്ദ്രൻ. | | ശ്രീ. പി .ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) | |
| എ) | ടാങ്കർ ലോറികളിൽ കുടിവെള്ളം വിൽപ്പന നടത്തുന്ന സംഘങ്ങൾ കേരളത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുകയാണെന്നുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടത്തുന്ന സംഘങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ജലസ്രോതസ്സുകളെ അനുമതിയില്ലാതെ ദുരുപയോഗം ചെയ്ത് ലാഭമുണ്ടാക്കുന്ന പ്രവണത അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | ബി) | ജലസ്രോതസ്സുകളിൽ നിന്നും അനുമതിയില്ലാതെ ദുരുപയോഗം ചെയ്ത് ലാഭമുണ്ടാക്കുന്ന പ്രവണത അവസാനിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| സി) | എങ്കിൽ എന്തു നടപടികളാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) | ജലസേചനവകുപ്പിൽ കേരള ഇറിഗേഷൻ & വാട്ടർ കൺസർവേഷൻ ആക്റ്റ് 2003-ഉം അതിന്മേൽ വന്ന അമെന്റ്മെന്റ്കളും വഴി ലഭിച്ച അധികാരങ്ങൾ ഉപയോഗപ്പെടുത്തി ജല ചൂഷണം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂജലം ദുരുപയോഗം ചെയ്ത് ലാഭം ഉണ്ടാക്കുന്ന പ്രവണത തടയുന്നതിനു വേണ്ടി കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് 2002-ൽ നിയമഭേദഗതികൾ വരുത്തുവാനുള്ള ശുപാർശകൾ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 213 14/7/2011 ൽ മറുപടിയ്ക്ക്

<u>പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ നൽകാൻ പദ്ധതി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി വിൻസെന്റ്<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എ.റ്റി.ജോർജ് | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടിക വർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി |

(എ) അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) അഭ്യസ്തവിദ്യരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും തൊഴിൽ ലഭിക്കുന്നതിന് പദ്ധതി നടപ്പിലാക്കുമോ;

(ബി) അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗക്കാർക്ക് വിവിധ തൊഴിൽ മേഖലകളിൽ തൊഴിൽ നേടികൊടുക്കുന്നതിനും, സ്വയം തൊഴിൽ കണ്ടെത്തുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) പുതിയ പദ്ധതിയുണ്ടെങ്കിൽ അത് ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.സി. കളിലെ നിലവിലുള്ള കോഴ്സുകൾ കാലോചിതമായി പരിഷ്കരിക്കുകയും, കൂടുതൽ ജോലി സാദ്ധ്യതയുള്ള പുതിയ കോഴ്സുകൾ തുടങ്ങുവാൻ നടപടി എടുക്കുകയും ചെയ്യാൻ ഉദ്ദേശിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൻ കീഴിൽ കോഴിക്കോട് പ്രവർത്തിച്ചു വരുന്ന സെന്റർ ഫോർ റിസർച്ച് ആന്റ് എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ (CREST)-ൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് പൊതു-സ്വകാര്യ മേഖലകളിലെ ഉയർന്ന തൊഴിൽ അവസരങ്ങൾ ലഭിക്കുന്നതിന് പോസ്റ്റ് ഗ്രാഡ്വേറ്റ് സർട്ടിഫിക്കറ്റ് ഫോർ പ്രൊഫഷണൽ ഡവലപ്പ്മെന്റ് എന്ന കോഴ്സ് നടത്തി വരുന്നുണ്ട്.

അതുപോലെ സർക്കാരിന്റേയും പൊതുമേഖലാസ്ഥാപനങ്ങളുടേയും ആഭിമുഖ്യത്തിൽ നടത്തുന്ന ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി. അപ്പാരൽ ട്രെയിനിംഗ് ആന്റ് ഡിസൈനിംഗ് മുതലായ വിവിധ കോഴ്സുകളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പരമാവധി പേർക്ക് പരിശീലനം ലഭ്യമാക്കി അവരുടെ തൊഴിൽ സാധ്യത ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 214 14.07.2011-ൽ മറുപടിയ്ക്ക്

## കൊക്കോകോള കമ്പനി-നഷ്ടപരിഹാര ട്രൈബ്യൂണൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എൻ.പ്രതാപൻ :<br>ശ്രീ. കെ.ശിവദാസൻ നായർ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |

| | |
|---|---|
| എ) പ്ലാച്ചിമട നിവാസികൾക്ക് കൊക്കോകോള കമ്പനിയിൽ നിന്നും നിയമപരമായി നഷ്ടപരിഹാരം ലഭ്യമാക്കാൻ വേണ്ടിയുള്ള പ്രത്യേക ട്രൈബ്യൂണലിന്റെ രൂപീകരണം ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ; | എ) പ്ലാച്ചിമട നിവാസികൾക്ക് കൊക്കകോള കമ്പനിയിൽ നിന്നും നിയമപരമായി നഷ്ടപരിഹാരം ലഭ്യമാക്കാൻ വേണ്ടിയുള്ള പ്രത്യേക ട്രൈബ്യൂണലിന്റെ രൂപീകരണം വ്യവസ്ഥ ചെയ്യുന്ന 2011-ലെ കേരള പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും നല്കുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ 12-ാം കേരള നിയമസഭ 2011 ഫെബ്രുവരി 24-ാം തീയതി പാസ്സാക്കിയിട്ടുള്ളതും 2011 മാർച്ച് 29-ാം തീയതി ഗവർണ്ണർ പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അനുമതിക്കായി അയച്ചിട്ടുള്ളതുമാണ്. |
| ബി) ട്രൈബ്യൂണലിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) രാഷ്ട്രപതിയുടെ അനുമതി ലഭിച്ചാൽ മാത്രമേ പ്രസ്തുത ആക്റ്റ് പ്രാബല്യത്തിൽ വരികയുള്ളൂ. |

| | |
|---|---|
| സി) പ്രസ്തുത പ്രദേശത്തെ ജലലഭ്യത/ജലദൗർലഭ്യത സംബന്ധിച്ച് പഠനങ്ങൾ നടത്തിയതിനുശേഷമാണോ കൊക്കോ കോള പോലുള്ള കമ്പനികൾക്ക് തുടർന്ന് ലൈസൻസുകൾ അനുവദിക്കുന്നത്? | സി) പ്രസ്തുത പ്രദേശത്തെ ജലലഭ്യത/ജലദൗർലഭ്യം സംബന്ധിച്ച് വിശദമായ പഠനങ്ങൾ നടത്തിയ ശേഷമാണ് കൊക്കകോള പോലുള്ള കമ്പനികൾക്ക് നിലവിൽ ലൈസൻസ് അനുവദിക്കുന്നത്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ വ്യവസ്ഥകൾ പ്രകാരം ജില്ലാ കലക്ടർ അദ്ധ്യക്ഷനായ ഇവാലുവേഷൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരം സംസ്ഥാന ഭൂജല അതോറിറ്റിയാണ് ഭൂജല ചൂഷണം ആവശ്യമായ വ്യവസായങ്ങൾക്കും മറ്റു സ്ഥാപനങ്ങൾക്കും അനുമതി നൽകുന്നത്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നം. * 215      14.7.2011–ൽ മറുപടിക്ക്

## സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. റ്റി. എം. തോമസ് ഐസക് :<br>ശ്രീ. ആർ. രാജേഷ് :<br>ശ്രീ. ബി. സത്യൻ :<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | ശ്രീ. അടൂർപ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം സംബന്ധിച്ച് മാനേജ്മെന്റ് പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തിയിരുന്നോ ; ഈ ചർച്ചയിൽ പ്രവേശനം സംബന്ധിച്ച് എന്തെങ്കിലും ധാരണ ഉണ്ടായോ ചർച്ചകളുടേയും ധാരണകളുടേയും വിശദാംശം വെളിപ്പെടുത്താമോ ; | (എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പി.ജി. പ്രവേശനം സംബന്ധിച്ച് 28.5.2011–ൽ സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുമായി സർക്കാർ ചർച്ച നടത്തിയിരുന്നു. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി, സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ അനുവദിക്കപ്പെട്ട മൊത്തം പി.ജി. സീറ്റുകളുടെ 50 % സീറ്റുകളിൽ സർക്കാർ മെരിറ്റിൽ പ്രവേശനം നടത്തുമെന്ന് സർക്കാർ മാനേജ്മെന്റുകളെ അറിയിച്ചിരുന്നു. |
| (ബി) വിവിധ സ്വാശ്രയ കോളേജുകളിലെ എത്ര പി.ജി. സീറ്റുകളാണ് കോടതിവിധി അനുസരിച്ച് സർക്കാരിന് വിട്ടുകിട്ടിയത് ; | (ബി) വിവിധ സ്വാശ്രയ കോളേജുകളിലായി 67 പി.ജി. സീറ്റുകളാണ് കോടതിവിധി അനുസരിച്ച് സർക്കാരിന് വിട്ടുകിട്ടിയത്. |
| (സി) വിട്ടുകിട്ടിയ സീറ്റുകളിൽ മുഴുവൻ പ്രവേശന നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഏതെല്ലാം കോളേജുകളിൽ ഏതെല്ലാം വിഭാഗത്തിലാണ് ഒഴിവുകൾ ഉള്ളത് ; | (സി) സ്വാശ്രയ കോളേജുകളിലെ 54 സീറ്റുകളിലേക്ക് പ്രവേശനം നടത്തിയിട്ടുണ്ട്. 13 സീറ്റുകളിലേക്ക് ആരും ഓപ്ഷൻ നൽകിയിട്ടില്ല. ഒഴിവുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി വച്ചിട്ടുണ്ട്. |
| (ഡി) സ്വാശ്രയ മെഡിക്കൽ കോളേജുകൾ മാനേജ്മെന്റ് കോട്ടയിൽ പ്രവേശനം നടത്തുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നു ; ഇക്കാര്യത്തിൽ ചട്ടങ്ങൾ | (ഡി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ചട്ടങ്ങൾക്ക് വിരുദ്ധമായി ഇന്റർ ചർച്ച് കൗൺസിലിന്റെ കീഴിലുള്ള 4 മെഡിക്കൽ കോളേജുകളിൽ |

| | |
|---|---|
| ലംഘിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ നടത്തിയതായി ശ്രദ്ധയിൽ പ്പെട്ടതിനാൽ പ്രസ്തുത അഡ്മിഷനുകൾ റദ്ദാക്കണമെന്ന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയോട് ശുപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

Details of vacant Government seats for Medical PG courses in the Self Financing Medical Colleges in Kerala for the year 2011, after the whole allotme

| Sl No | DEGREE COURSES | Kannur | Karuna | MES | Malankara | Pushpagiri | Gokulam |
|---|---|---|---|---|---|---|---|
| 1 | Anatomy | 1 | 1 | 1 | | 1 | 1 |
| 2 | Biochemistry | | | | | | 1 |
| 3 | Community Medicine | 1 | | | | | |
| 4 | Microbiology | 1 | 1 | | | | |
| 5 | Pathology | | 1 | | | | |
| 6 | Pharmacology | 1 | | | | | |
| 7 | Physiology | 1 | 1 | | | | |
| | **Total** | **5** | **4** | **1** | **0** | **1** | **2** |

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 216

14.7.2011 -ൽ മറുപടിക്ക്

## പന്നിപ്പനി പടരുന്നത് തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.കെ.കെ.ലതിക:<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ:<br>" വി.ചെന്താമരാക്ഷൻ:<br>" ആർ.സെൽവരാജ്: | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പന്നിപ്പനി സമീപ ദിവസങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പന്നിപ്പനി സ്ഥിരീകരിക്കുന്നതിന് തൊണ്ടയിലെ സ്രവം പരിശോധിക്കുന്നതിനുള്ള കേന്ദ്രം ഇപ്പോൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; | (ബി) സംസ്ഥാനത്ത് ശേഖരിച്ചു വരുന്ന സ്രവ സാമ്പിളുകൾ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജി, തിരുവനന്തപുരം, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി യൂണിറ്റ്, ആലപ്പുഴ, സെന്റർ ഫോർ വൈറോളജി റിസർച്ച്, മണിപ്പാൽ എന്നീ കേന്ദ്രങ്ങളിൽ അയച്ചു പരിശോധിച്ചു വരുന്നു. |
| (സി) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പ്രവർത്തിച്ചുവന്നിരുന്ന കേന്ദ്രം ഇപ്പോൾ പ്രവർത്തനം നിർത്തിവച്ചിട്ടുണ്ടോ. എങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) ഇല്ല. പന്നിപ്പനി റിപ്പോർട്ട് ചെയ്യാതിരുന്ന കാലയളവിൽ മറ്റു രോഗികൾക്കായി ഈ സ്ഥലം ഉപയോഗപ്പെടുത്തിയിരുന്നുവെങ്കിലും ഇപ്പോൾ ടി ആവശ്യത്തിനായി മാത്രം പ്രവർത്തിച്ചു വരുന്നു. |
| (ഡി) സംസ്ഥാനത്ത് പന്നിപ്പനി വീണ്ടും പടരുന്നത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി)സംസ്ഥാനത്ത് പന്നിപ്പനി വീണ്ടും പടരുന്നത് തടയാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. സംസ്ഥാന മെഡിക്കൽ ആഫീസർമാരുടെ കോൺഫറൻസിൽ പന്നിപ്പനിക്കെതിരായുള്ള ജാഗ്രത നിർദ്ദേശങ്ങൾ നൽകുകയും ആശുപത്രികളിലെ രോഗ നിർണ്ണയ സംവിധാനങ്ങൾ നിരീക്ഷിച്ച് വിലയിരുത്തുവാൻ കർശന നിർദ്ദേശങ്ങൾ നൽകുകയും ചെയതു.<br>2. പന്നിപ്പനി ചികിത്സയ്ക്കാവശ്യമായ ഒസെൾട്ടാമിവിർ മരുന്ന് സിറപ്പ് രൂപത്തിലും ഗുളിക രൂപത്തിലും എല്ലാ ജില്ലാ ആശുപത്രികളിലും ആരോഗ്യ കേന്ദ്രങ്ങളിലും എത്തിച്ചിട്ടുണ്ട്.<br>3. രോഗനിർണ്ണയ സാമഗ്രികൾ ജില്ലകളിൽ എത്തിച്ചുകഴിഞ്ഞു. ഇതിനാവശ്യമായ പരിശോധന രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജി, തിരുവനന്തപുരം, നാഷണൽ ഇൻസ്റ്റി |

| | |
|---|---|
| | റ്റ്യൂട്ട് ഓഫ് വൈറോളജി യൂണിറ്റ്, ആലപ്പുഴ, സെന്റർ ഫോർ വൈറോളജി റിസർച്ച്, മണിപ്പാൽ എന്നി ലാബുകളിൽ അയച്ചു നടത്തുന്നു.<br>4. എച്ച്1 എൻ1-ന്റെ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും വിശകലനം ചെയ്യുവാനും ദൈനംദിന റിപ്പോർട്ടുകൾ പുറപ്പെടുവിക്കുന്നതിനും വേണ്ടി എച്ച്1 എൻ1 സ്റ്റേറ്റ് കൺട്രോൾ റൂം, സംസ്ഥാന നോഡൽ ആഫീസറുടെ മേൽ നോട്ടത്തിൽ ആരോഗ്യ വകുപ്പ് കാര്യാലയത്തിൽ ഇപ്പോഴും തുടർന്ന് പ്രവർത്തിച്ചുവരുന്നു.<br>5. ഗവൺമെന്റ് ആശുപത്രികളിലും പ്രാഥമി കാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാ രോഗ്യ കേന്ദ്രങ്ങളിലും പകർച്ചവ്യാധി നിയന്ത്രണത്തിനും ചികിത്സയ്ക്കും ആവശ്യമായ വിവിധതരം ആന്റി ബയോട്ടിക്കുകൾ, വേദന സംഹാരികൾ, വിവിധതരം ഐ.വി. ഫ്ലൂയിഡുകൾ തുടങ്ങിയവ തയ്യാറാക്കിയിട്ടുണ്ട്.<br>6. പന്നിപനി പടരുന്നതിനെതിരെ സ്വീകരി ക്കേണ്ട പ്രതിരോധ നടപടികളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനായി ദേശീയ ദിനപത്രങ്ങ ളിൽ പരസ്യങ്ങൾ നൽകിവരുന്നു. മറ്റ് ബോധവത്കരണ പരിപാടികളും നടത്തി വരുന്നു.<br>7. ആകാശവാണിയുടെ എഫ്.എം. റേഡിയോ വഴി ബോധവത്കരണ പ്രവർത്തനം നടത്തിവരുന്നു.<br>8. ഐ.റ്റി. മിഷന്റെ പ്രോജക്ട് കാൾ സെന്ററിന്റെ സേവനം ഉപയോഗപ്പെടുത്തി (0471 155300) ബോധവത്കരണം നടത്തി വരുന്നു.<br>9. രോഗം മൂലം മരണം സംഭവിക്കാൻ കൂടുതൽ സാധ്യതയുള്ള ഗർഭിണികൾക്ക് രോഗലക്ഷണങ്ങൾ കാണുന്ന ഉടൻ തന്നെ ചികിത്സ തുടങ്ങി മരണം ഒഴിവാക്കാനുള്ള നടപടികൾ എടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:217 — 14.07.2011- ലെ മറുപടി

## കെ.എസ്.ആർ.ടി.സി ബസ്സുകളിൽ സി.എൻ.ജി ഇന്ധനമായി ഉപയോഗിക്കുന്ന പദ്ധതി

**ചോദ്യം** — **ഉത്തരം**

ശ്രീ. വി. ശശി
ശ്രീ. സി. ദിവാകരൻ
ശ്രീ. പി. തിലോത്തമൻ
ശ്രീ. ജി.എസ്. ജയലാൽ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ബസ്സുകളുടെ ഇന്ധനം സി.എൻ.ജി യിലേക്ക് മാറ്റുന്നത് സംബന്ധിച്ച പദ്ധതികൾ പരിഗണനയിലുണ്ടോ; | (എ) | പരിഗണനയിലുണ്ട്. |
| (ബി) | പ്രസ്തുത നടപടി സംബന്ധിച്ച് വിദേശ രാജ്യങ്ങളുടെ സഹകരണമുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വിദേശ രാജ്യങ്ങളെന്ന് വ്യക്തമാക്കുമോ; | (ബി) | ബസ്സുകളുടെ ഇന്ധനം സി.എൻ.ജി യിലേക്ക് മാറ്റുന്നത് സംബന്ധിച്ച് വിദേശ രാജ്യങ്ങളുമായി ഇതുവരെ ചർച്ചകൾ നടത്തിയിട്ടില്ല. |
| (സി) | കെ.എസ്.ആർ.ടി.സി പ്രതിവർഷം എത്ര രൂപ ഡീസലിനായി ചെലവഴിക്കുന്നു; സി.എൻ.ജി യിലേക്ക് മാറ്റുകയാണെങ്കിൽ പ്രതിവർഷം ചെലവ് എത്ര കണ്ട് കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (സി) | കെ.എസ്.ആർ.ടി.സി പ്രതിവർഷം 560 കോടി രൂപ ഡീസലിനായി ചെലവഴിക്കുന്നു.<br><br>സി.എൻ.ജി യിലേക്ക് മാറ്റുകയാണെങ്കിൽ പ്രതിവർഷം 252 കോടി രൂപയുടെ കുറവ് പ്രതീക്ഷിക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കിയാലുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; യാത്രക്കാരുടെ സുരക്ഷയെ സംബന്ധിച്ച് ആശങ്കകൾ ദൂരീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | സി.എൻ.ജി ഉപയോഗിക്കുമ്പോൾ കെ.എസ്.ആർ.ടി.സി യുടെ നിലവിലുള്ള ഇന്ധനചെലവിൽ 45% കുറവ് പ്രതീക്ഷിക്കുന്നു. എന്നിരുന്നാലും 2012-13 കാലഘട്ടത്തിൽ സി.എൻ.ജി. കേരളത്തിൽ ലഭ്യമാക്കുമ്പോൾ അന്നത്തെ വില കണക്കാക്കി മാത്രമേ നേട്ടങ്ങളെപ്പറ്റി കൃത്യമായി |

| | | | |
|---|---|---|---|
| | | | പറയാൻ കഴിയുകയുള്ളു. ഡൽഹി, ബോംബെ, പൂനെ തുടങ്ങിയ സ്ഥലങ്ങളിൽ ഇപ്പോൾ സി.എൻ.ജി ഉപയോഗിച്ച് വാഹനങ്ങൾ ഓടുന്നുണ്ട്. 2012-ൽ കേരളത്തിൽ സി.എൻ.ജി ലഭ്യമാക്കുമ്പോൾ യാത്രക്കാരുടെ സുരക്ഷയെ സംബന്ധിച്ച ആശങ്കകൾ ദൂരീകരിക്കാനുള്ള മാർഗ്ഗങ്ങളും, പദ്ധതികളും ചർച്ച ചെയ്ത് സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 14.07.2011- ൽ
നിയമസഭാ ചോദ്യം നമ്പർ : 218 മറുപടിക്ക്

## കയറുല്പന്നങ്ങളുടെ കയറ്റുമതിയും ആഭ്യന്തര വിപണിയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. എസ്. ശർമ്മ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കയറുല്പന്നങ്ങളുടെ കയറ്റുമതിയും ആഭ്യന്തര വിപണിയും പ്രോത്സാഹിപ്പിക്കുന്നതിനായി ഏതെല്ലാം പുതിയ പദ്ധതികളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) കയറുല്പന്നങ്ങളുടെ കയറ്റുമതിയും ആഭ്യന്തരവിപണിയും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചുവടെ വിവരിക്കുന്ന നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>• കയറിനും കയറുല്പന്നങ്ങൾക്കും ആഭ്യന്തര വിദേശ വിപണി വിപുലീകരിക്കുക എന്ന ലക്ഷ്യത്തോടെ കയർഫെഡ്, കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ്, കയർ സഹകരണ സംഘങ്ങൾ, കയറ്റുമതിക്കാർ, സ്വകാര്യ സംരംഭകർ തുടങ്ങി കയർ മേഖലയുമായി ബന്ധപ്പെട്ട എല്ലാ സ്റ്റേക്ക് ഹോൾഡേഴ്സിനേയും ഉൾപ്പെടുത്തിക്കൊണ്ട് കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിക്കുന്നതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.<br>• കയറ്റുമതി വിപുലപ്പെടുത്തുന്നതിലേയ്ക്കായി കയറുല്പന്നങ്ങളുടെ അന്താരാഷ്ട്ര എക്സിബിഷൻ സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.<br>• ആഭ്യന്തരവിപണി വിപുലീകരിക്കുന്നതിലേയ്ക്കായി കൂടുതൽ പ്രദർശന മേളകളും എക്സിബിഷനുകളും |

| | |
|---|---|
| | സംഘടിപ്പി ക്കു ന്നതാണ്.<br>• കയർഫെഡ്, കേരളസ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലി. തുടങ്ങിയ സ്ഥാപനങ്ങളുടെ കയറ്റുമതി വർദ്ധിപ്പി ക്കുന്നതിന്റെ ഭാഗമായി ഇൻഡ്യ യ്ക്ക കത്തും, വിദേശത്തും സംഘടിപ്പി ക്കുന്ന പ്രധാന ഫെയറുകളിൽ പങ്കെടു ക്കുന്നതിന് ഉദ്ദേശി ക്കുന്നു. |
| (ബി) വിപണനത്തിനായി നിലവിലുള്ള പദ്ധതികളും ഈ വർഷത്തെ ലക്ഷ്യവും വിശദമാ ക്കുമോ? | (ബി) വിപണനത്തിന് നിലവിലുള്ള പ ദ്ധതികൾ ചുവടെ വിവരി ക്കുന്നു.<br>• കയർഫെഡ്, കയർ കോർപ്പറേഷൻ. ഫോം മാറ്റിംഗ്സ്, മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ എന്നിവർക്ക് എക്സിബിഷനുകളിൽ പങ്കെടു ക്കുന്ന ചെലവിന്റെ 50% തുക സർക്കാർ ഗ്രാന്റായി നിബന്ധനകൾക്ക് വിധേയമായി അ നുവദി ക്കുന്ന പദ്ധതി തുടർ ന്നു വരുന്നു.<br>• 2009, 2010 ഓണക്കാലത്ത് സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കിയ ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം പ ദ്ധതി ഈ ഓണക്കാലത്തും നടത്തുന്നതിന് തീരുമാനിച്ചി ട്ടുണ്ട്. ഈ പ ദ്ധതി പ്രകാരം കയർഫെഡിന്റെയും കയർ പൊതു മേഖലാസ്ഥാപനങ്ങളുടെയും ഉൽപ്പന്നങ്ങൾ സംസ്ഥാനത്തെ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിലെ വിൽപന ശാലകൾ മുഖാന്തിരവും പ്രധാന നഗരങ്ങളിൽ സംഘടിപ്പിക്കുന്ന മെട്രോഫെയറുകൾ വഴിയും കുടുംബശ്രീ സംവിധാനം മുഖാന്തിരവും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെ വിൽപന ശാലകൾ വഴിയും സ്ഥാപനങ്ങളുടെ സ്വന്തം വി ല്പന ശാലകൾ മുഖാന്തിരവും വിറ്റഴിക്കു ന്നതിന് ഉദ്ദേശി ക്കുന്നു. |

| | |
|---|---|
| | • ഉത്സവ കാലയളവുകളിൽ പ്രധാന നഗരങ്ങളിൽ മെട്രോഫെയറുകൾ സംഘടിപ്പിക്കുന്നത് ഈ വർഷവും തുടരും.<br>• എക്സിബിഷനുകൾ സംഘടിപ്പിക്കുവാനും എക്സിബിഷനുകളിൽ പങ്കെടുക്കുന്നതിനും ഉദ്ദേശിക്കുന്നു.<br><br>2011-12 വർഷം ഏകദേശം 1000 കോടി രൂപയിൽ കുറയാതെയുള്ള കയറും കയറുല്പന്നങ്ങളും വിപണനം നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത് |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 219 14-07-2011-ൽ മറുപടിയ്ക്ക്

## ജലനയം അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ.ബേബി<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ.സാജുപോൾ | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| **(എ)** ജലസേചന രംഗത്തെ പുതിയ പ്രവർത്തനങ്ങൾ നൂതനമായ കാഴ്ചപ്പാടോടു കൂടി ഏറ്റെടുക്കാൻ തയ്യാറാകുമോ; | **(എ)** ജലസേചന രംഗത്തെ പുതിയ പ്രവർത്തനങ്ങൾ നൂതനമായ കാഴ്ചപ്പാടോടു കൂടിയാണ് നടപ്പിലാക്കി വരുന്നത്. |
| **(ബി)** സംസ്ഥാനത്ത് കൃഷിയുള്ള സ്ഥലത്ത് ജലസേചനമില്ല, ജലസേചനമുള്ള സ്ഥലത്ത് കൃഷിയുമില്ല എന്ന അവസ്ഥ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | **(ബി)** കൃഷിയുള്ള സ്ഥലത്ത് എല്ലാം ജലസേചനമില്ലായെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| **(സി)** ഈ സ്ഥിതിയിൽ 2008-ലെ ജലനയം അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുമോ? | **(സി)** 2008-ലെ ജലനയം അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾക്ക് മുൻകൈ എടുത്ത് വരികയാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 220. 14.07.2011-ൽ മറുപടിക്ക്.

## റോഡ് സുരക്ഷാ അതോറിട്ടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. കെ. വിജയൻ :<br>ശ്രീ. വി. എസ്. സുനിൽ കുമാർ :<br>ശ്രീ. കെ. അജിത് :<br>ശ്രീമതി. ഗീതാ ഗോപി : | | ശ്രീ. വി.എസ്. ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും<br>വകുപ്പു മന്ത്രി) | |
| (എ) | റോഡ് സുരക്ഷാ അതോറിട്ടി സംസ്ഥാനത്ത് നിലവിൽ വന്നതെന്നാണ് ; | (എ) | 2007 ഏപ്രിൽ 19-ലെ S.R.O.നമ്പർ 355/2007 വിജ്ഞാപന പ്രകാരമാണ് കേരള റോഡ് സുരക്ഷാ അതോറിറ്റി നിലവിൽ വന്നത്. |
| (ബി) | റോഡ് സുരക്ഷയെ സംബന്ധിച്ചുള്ള വിഷയങ്ങൾ പാഠ്യ പദ്ധതിയിലുൾപ്പെടുത്തി യിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ? | (ബി) | സംസ്ഥാനത്തെ 3,5,6,7,8 ക്ലാസുകളിലെ പാഠ പുസ്തകങ്ങളിൽ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പാഠഭാഗങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്. റോഡ് സേഫ്റ്റിയുടെ ചില വശങ്ങൾ 10-ാം ക്ലാസ്സിലെ പാഠ്യപദ്ധതിയിലും ടെക്സ്റ്റ് ബുക്കുകളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ബയോളജി ടെക്സ്റ്റിന്റെ 'Immunity' എന്ന പാഠഭാഗത്തും സുരക്ഷയുടെ വശങ്ങൾ ചേർത്തിട്ടുണ്ട്. പരിക്കിനെ തുടർന്ന് രക്തം വാർന്നു പോകുന്നതിന്റെ അനന്തരഫലം ഈ പാഠത്തിൽ ചർച്ച ചെയ്യുന്നുണ്ട്. പത്താം ക്ലാസിലെ ഭൗതിക ശാസ്ത്ര ടെക്സ്റ്റ് ബുക്കിലും ട്രാഫിക് സിഗ്നലുകൾ, ഫ്ലൂറസെന്റ് റിഫ്ലക്റ്ററുകൾ, റോഡിലെ സീബ്രാ ലൈനുകൾ, സൈഡ് ലൈനുകൾ തുടങ്ങി ട്രാഫിക് സിഗ്നലുകളുമായി ബന്ധപ്പെട്ട ഘടകങ്ങളും ചർച്ച ചെയ്തിട്ടുണ്ട്. റോഡിലൂടെ നടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സിഗ്നലുകൾ, |

| | | | |
|---|---|---|---|
| | | | പ്രഥമ ശുശ്രൂഷ, വാഹനാപകടവുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങൾ, കാഴ്ച, കേൾവി തുടങ്ങിയ കാര്യങ്ങൾ പരിസരപഠനം, ശാസ്ത്രം, സോഷ്യൽ സയൻസ് എന്നീ പാഠപുസ്തകങ്ങളിലായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 221 — 14.07.2011- ൽ മറുപടിക്ക്

## <u>പാരലൽ സർവ്വീസ്</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ എം.ചന്ദ്രൻ<br>,, ബി.ഡി.ദേവസ്സി<br>,, വി.ശിവൻകുട്ടി<br>,, ആർ.സെൽവരാജ് | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| എ) സംസ്ഥാന തലസ്ഥാനത്ത് കൂടുതൽ സ്വകാര്യബസ്സുകൾക്ക് പെർമിറ്റ് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (എ) ഇല്ല. |
| ബി) തലസ്ഥാനത്ത് പര്യാപ്തമായ രീതിയിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്താൻ സാധിക്കാത്ത സ്ഥിതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) തലസ്ഥാനത്ത് യാത്രാക്ലേശം സൃഷ്ടിക്കാതെ, പര്യാപ്തമായ രീതിയിലാണ് കെ.എസ്.ആർ.ടി.സി സർവ്വീസ് ക്രമീകരിച്ചിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം നഗരത്തിൽ മാത്രമായി തിരുവനന്തപുരം സിറ്റി, പാപ്പനംകോട്, പേരൂർക്കട, വികാസ് ഭവൻ, വെള്ളനാട് എന്നീ യൂണിറ്റുകളിൽ നിന്നും 522 ഷെഡ്യൂളുകൾ നടത്തി വരുന്നുണ്ട്. ഇതിനു പുറമെ ജൻറം പദ്ധതി പ്രകാരമുള്ള 119 എ.സി. നോൺ എ.സി. സർവ്വീസുകളും നടത്തുന്നുണ്ട്. കൂടാതെ, 16 ഡിപ്പോകളിൽ നിന്നുമായി ഒട്ടേറെ സർവ്വീസുകൾ ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ നിന്നും തലസ്ഥാന നഗരിയിലേക്ക് വരുന്നുണ്ട്. |
| സി) തലസ്ഥാന നഗരിയിലെ പാരലൽ സർവ്വീസ് കാരണം കെ.എസ്.ആർ. ടി.സി. ക്ക് പ്രതിദിനം എന്തു തുക | സി) 2007 കാലഘട്ടത്തിൽ പാരലൽ സർവ്വീസുകളുടെ കടന്നുകയറ്റം ക്രമാതീതമായി വർദ്ധിച്ചപ്പോൾ |

| | | |
|---|---|---|
| | നഷ്ടം വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | കെ.എസ്.ആർ.ടി.സി.- ക്ക് ശരാശരി 35 ലക്ഷം രൂപയുടെ പ്രതിദിന വരുമാന നഷ്ടം ഉണ്ടായിരുന്നതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ പിന്നീട് തിരുവനന്തപുരം നഗരത്തിലേക്ക് വരുന്ന പാരലൽ സർവ്വീസുകളെ നിയന്ത്രിക്കാൻ കഴിഞ്ഞതോടു കൂടി ഈ നഷ്ടം 20 ലക്ഷം മുതൽ 25 ലക്ഷം വരെ ആയി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| ഡി) | കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസ് കാര്യക്ഷമമാക്കാനും പാരലൽ സർവ്വീസ് തടയാനും ആവശ്യമായ നടപടി സ്വീകരിക്കാമോ? | ഡി) കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും ഇപ്പോൾ കാര്യക്ഷമമായി സർവ്വീസ് നടത്തിവരുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ ഭാഗത്ത് നിന്ന് വളരെ ശക്തമായ നടപടികളാണ് പാരലൽ സർവ്വീസ് നടത്തുന്ന വാഹന ഉടമകൾക്കെതിരെ കൈക്കൊണ്ടു വരുന്നത്. ഇത്തരത്തിൽ സർവ്വീസ് നടത്തുന്ന വാഹനങ്ങളെ കണ്ടെത്തി പിടിച്ചെടുക്കുകയും പിഴ ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ ആറ് പോയിന്റുകളിലായി 18 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെ പാരലൽ സർവ്വീസ് തടയുന്നതിന് മാത്രമായി നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: * 222 — 14.07.2011-ൽ മറുപടിക്ക്

## ജലശുദ്ധീകരണ പ്ലാന്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കുടിവെള്ള വിതരണത്തിനുള്ള ജല ശുദ്ധീകരണ പ്ലാന്റുകളുടെ ശുദ്ധീകരണക്ഷമത ഉറപ്പു വരുത്താനും കുടി വെള്ളം ശുദ്ധ മാണെന്ന് ഉറപ്പു വരുത്താനും എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) ജലശുദ്ധീകരണത്തിനായി എടുക്കുന്ന ജലത്തിന്റെയും വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെയും ഗുണനിലവാരം ജലവിതരണ ചുമതലയുള്ള ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുന്നുണ്ട്. ജലപരിശോനകൾ നടത്തുന്നതിനും പരിശോധനാഫലം അടിസ്ഥാനമാക്കി കുമ്മായം, ആലം, ക്ലോറിൻ ഡോസുകൾ ക്രമീകരിച്ച് ഗുണ നിലവാരം ഉറപ്പാക്കാനും ഉള്ള സ്ഥിരം സംവിധാനം ജലശുദ്ധീകരണശാല കളിലുണ്ട്. കുടിവെള്ളവിതരണ ത്തിനുള്ള ജലശുദ്ധീകരണപ്ലാന്റുകൾ കാലാകാലങ്ങളിലായി അറ്റകുറ്റ പണികൾ നടത്തിയും, ഫിൽറ്റർ ബെഡ് മാറ്റിയും ശുദ്ധീകരണക്ഷമത ഉറപ്പ് വരുത്താറുണ്ട്. വിതരണം ചെയ്യുന്ന ജലം ജില്ലാ ഗുണനിലവാര പരിശോധനാ ലബോറട്ടറികളിൽ നിന്നും പരിശോധന നടത്തി ഗുണനിലവാരം ഉറപ്പ് വരുത്താറുണ്ട്. |
| (ബി) ഗ്രാമീണ ശുദ്ധജല പ്ലാന്റുകളിൽ നിന്നു വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ മാലിന്യങ്ങളും, ചെളിയും കാണപ്പെടുന്നു എന്ന പരാതികൾ പരിശോധിച്ചിട്ടു ണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ വേണ്ട പരിശോധനകൾ നടത്തി ഗുണ നിലവാരം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ഗ്രാമീണ ശുദ്ധജലപ്ലാന്റുകളിൽ ഫിൽട്രേഷൻ കഴിഞ്ഞ് വരുന്ന വെള്ളം അണുവിമുക്തമാക്കുന്നതിന് വേണ്ടി ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് ക്ലോറിനേറ്റ് ചെയ്താണ് കുടിവെള്ളം വിതരണം ചെയ്യുന്നത്. കൂടാതെ |

| | | | |
|---|---|---|---|
| | | | വാട്ടർ അതോറിറ്റിയുടെ ജില്ലാ ലാബ് വഴി സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുന്നുണ്ട്. |
| (സി) | തുറന്നുകിടക്കുന്ന ഓവർഹെഡ് ടാങ്കുകളിൽ മരഞ്ചാടി മൃഗങ്ങളും പക്ഷികളും വീണ് കുടിവെള്ളം മലിനപ്പെടാതിരിക്കാൻ ആവശ്യമായ മുൻ കരുതൽ നടപടികൾ സ്വീകരിക്കുമോ; | (സി) | ടാങ്കുകൾ എല്ലാമാസവും കഴുകി വൃത്തിയാക്കുകയും, മാൻഹോളുകൾ കവറുകൾ ഉപയോഗിച്ചും കമ്പി വലകൾ ഉപയോഗിച്ചും മൂടി സൂക്ഷിക്കാറും ഉണ്ട്. തുറന്ന് കിടക്കുന്ന ഓവർഹെഡ് ടാങ്കുകളിൽ കുടിവെള്ളം മലിനപ്പെടാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. പാലക്കാട് സർക്കിളിന് കീഴിലുള്ള തുറന്ന് കിടക്കുന്ന ഓവർഹെഡ് ടാങ്കുകളിൽ ടിൻഷീറ്റ് ഉപയോഗിച്ച് തുറന്ന് കിടക്കുന്ന ഭാഗം മൂടുവാൻ നടപടി എടുത്തിട്ടുണ്ട്. |
| (ഡി) | നിശ്ചിത കാലാവധികളിൽ ഓവർ ഹെഡ് ടാങ്കുകൾ ശുദ്ധമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | യഥാസമയങ്ങളിൽ ഓവർഹെഡ് ടാങ്കുകൾ ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് കഴുകി ശുദ്ധീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരളനിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 223 — 14.07.2011 ൽ മറുപടിയ്ക്ക്

### മരുന്ന വില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. പി. റ്റി. എ റഹീം<br>ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വില്പന നടത്തുന്ന മരുന്നുകൾക്ക് അന്യായ വില ഈടാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ ; | (എ) കേന്ദ്ര ആക്ട് ആയ Essential Commodities Act 1955 ന് കീഴിലുള്ള Drugs Price Control Order 1995 പ്രകാരമാണ് സംസ്ഥാനത്ത് വിൽക്കപ്പെടുന്ന മരുന്നുകളുടെ വില നിയന്ത്രിക്കുന്നത്. ഡ്രഗ്സ് കൺട്രോൾ വകുപ്പാണ് ഈ നിയമപ്രകാരം എൻ.പി.പി.എ.നോട്ടിഫൈ ചെയ്യുന്ന മരുന്നുകളുടെ സീലിംഗ് പ്രൈസ് അനുസരിച്ചാണോ കമ്പോളത്തിൽ മരുന്നുകൾ വില്ക്കപ്പെടുന്നതെന്ന് പരിശോധിക്കുന്നത്. |
| (ബി) ഈ സംവിധാനം കുറ്റമറ്റരീതിയിൽ പ്രവർത്തിക്കുന്നുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഒരേ കണ്ടന്റുള്ള മരുന്നുകൾ വലിയ വില വ്യത്യാസത്തിൽ സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട് |
| (ഡി)ഇതിന് ചില ഡോക്ടർമാരിൽനിന്നും മരുന്നുകമ്പനികൾക്ക് സഹായം ലഭിക്കുന്ന തായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി)ഉണ്ട് |
| (ഇ)ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഇ) രാജ്യത്തെ മരുന്നുകളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്രസർക്കാരാണ്. കേന്ദ്രസർക്കാർ ഈ വിഷയത്തിൽ വ്യക്തമായ നയം Pharmaceutical Policy 2002 വഴി വ്യക്തമാക്കിയിട്ടു ണ്ട്. സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൽ കൂടുതൽ അധികാരങ്ങളൊന്നുമില്ല. അന്യസംസ്ഥാന നിർമ്മാതാക്കൾ അവരുടെ മരുന്നുകൾ അമിത വിലയ്ക്ക് ഈ സംസ്ഥാനത്ത് വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെടുന്നതിനാൽ അവർക്കെതിരെ നടപടി എടുക്കാൻ സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ കൂടുതൽ അധികാരങ്ങൾ കൈമാറുന്നതിലേയ്ക്കായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നമ്പർ : 224 | 14.07.2011–ൽ<br>മറുപടിയ്ക്കു് |

## ശബരിമല മാസ്റ്റർ പ്ലാൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. പി.എ. മാധവൻ | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും<br>വകുപ്പു മന്ത്രി. |

| | | | |
|---|---|---|---|
| (എ) | ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കാൻ ഏതെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ; | (എ) | ശബരിമല മാസ്റ്റർ പ്ലാൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി [redacted]. ദേവസ്വം കുപ്പ് മന്ത്രി അദ്ധ്യക്ഷനായുള്ള ഒരു സമിതി രൂപികരിക്കുന്നതിനുള്ള നടപടികൾ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ചെയ്തു വരുന്നു. മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പിലാക്കുവാനുള്ള ഫണ്ട് സ്വരൂപിക്കുന്നതിനായി ഒരു ഇൻഫ്രാസ്ട്രക്ച്ചർ ട്രസ്റ്റ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. സ്പോൺസർഷിപ്പ് മുഖേനയും സംഭാവനയിലൂടെയും തുക കണ്ടെത്താനുള്ള നടപടികളും നടന്നുവരുന്നു. |
| (ബി) | വരുന്ന തീർത്ഥാടന കാലയളവിൽ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള ഏതെല്ലാം സൗകര്യങ്ങൾ തീർത്ഥാടകർക്ക് നൽകാൻ കഴിയുമെന്ന് അറിയിക്കുമോ; | (ബി) | മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരം നിലയ്ക്കൽ ഒരു ബേസ് ക്യാമ്പായി വികസിപ്പിക്കുന്നതിനുള്ള നടപടികളുടെ ആദ്യഘട്ടം എന്ന നിലയ്ക്ക് പാർക്കിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തും. മരക്കൂട്ടം, ശരംകുത്തി എന്നിവിടങ്ങളിൽ ക്യൂ കോംപ്ലക്സുകളുടെ നിർമ്മാണവും ഈ വർഷം പൂർത്തിയാകും. ഇന്ത്യൻ ആർമിയുടെ സഹായത്തോടെ നിർമ്മിക്കുന്ന പാലത്തിൻെറയും, അതിനിരുവശത്തുമുള്ള റോഡുകളുടെയും പണിയും സമയബന്ധിതമായി പൂർത്തീകരിക്കും. പമ്പയിൽ ഒരു എമർജൻസി റോഡിൻെറ പണി പുരോഗമിച്ചു വരുന്നു. അതും ഉടനെ പൂർത്തിയാകും. |
| (സി) | പുല്ലുമേട് ദുരന്തത്തിൽപ്പെട്ട് മരിച്ച തീർത്ഥാടകർക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | മരിച്ച അവകാശികളുടെ വിവരം ലഭിച്ചവർക്കുള്ള ധനസഹായം ഇതിനോടകം നൽകിയിട്ടുണ്ട്. ബാക്കിയുള്ള അവകാശികളെ സംബന്ധിക്കുന്ന വിവരം ശേഖരിച്ച് ആയതു ലഭിക്കുന്ന മുറയ്ക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| (ഡി) അടുത്ത മണ്ഡല-മകര വിളക്ക് തീർത്ഥാടന വേള യിൽ ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനും തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാ ക്കാനും എന്തെല്ലാം നടപടി കൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) ശബരിമല തീർത്ഥാടന വേളയിൽ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനും സുരക്ഷിതത്വ മുറപ്പാക്കാനും വേണ്ടി ഒരു തീർത്ഥാടക സുരക്ഷാ കർമ്മ പരിപാടി രൂപീകരിക്കാനും ഉദ്ദേശിച്ചുകൊണ്ട് [redacted]. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 28-03-2011 -ന് ഒരു യോഗം ചേരുകയും തുടർന്ന് പോലീസ്, ഫയർഫോഴ്സ്, ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ് എന്നിവരുമായി ചേർന്ന് ഒരു സെക്യൂരിറ്റി മാന്വൽ തയ്യാറാക്കാനുള്ള നടപടികൾ നടന്നുവരികയാണ്. കൂടാതെ ശബരിമല തീർത്ഥാടനത്തിനുള്ള ക്രമീകരണ ങ്ങൾ കാലേക്കൂട്ടി ഒരുക്കുന്നതിനായും, സുരക്ഷ, സുചിത്വം എന്നിവയ്ക്ക് മുൻതൂക്കം നൽകുന്നതിനും വേണ്ടി [redacted]. മുഖ്യമന്ത്രി യുടെ അദ്ധ്യക്ഷതയിൽ 02-06-2011 -ന് വിവിധ വകുപ്പ് തലവന്മാരുമായി ഒരു ഉന്നതതല യോഗം ചേരുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 225 14-07-2011-ൽ മറുപടിയ്ക്ക്

## ജലാശയങ്ങളിലെ മലിനീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.സി.ജോർജ്ജ് | ശ്രീ.പി.ജെ.ജോസഫ് |
| ശ്രീ.റോഷി അഗസ്റ്റിൻ | (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| ഡോ.എൻ.ജയരാജ് | |
| ശ്രീ.തോമസ് ഉണ്ണിയാടൻ | |

| | |
| --- | --- |
| **(എ)** കേരളത്തിലെ നദികളുടെയും മറ്റ് ജലാശയങ്ങളുടെയും മലിനീകരണം തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; | **(എ)** കേരളത്തിലെ നദികളുടെയും മറ്റ് ജലാശയങ്ങളുടെയും മലിനീകരണം തടയുന്നതിനായി ജലമലിനീകരണ നിയന്ത്രണ നിവാരണ നിയമം 1974 ഉം അനുബന്ധ ചട്ടങ്ങളും സംസ്ഥാനത്ത് മലിനീകരണ നിയന്ത്രണ ബോർഡ് വഴി നടപ്പാക്കി വരുന്നു. |
| **(ബി)** ജലാശയങ്ങളുടെയും ജലസ്രോതസ്സുകളുടെയും മലിനീകരണത്തിന്റെ വ്യാപ്തിയെ സംബന്ധിച്ച് സർക്കാരോ ഇതര ഏജൻസികളോ പഠനം നടത്തിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | **(ബി)** നാഷണൽ ആമ്പിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ്, സ്റ്റേറ്റ് ആമ്പിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് ( NAWQM & SAWQM) പദ്ധതികളിൽ ഉൾപ്പെടുത്തി മലിനീകരണ നിയന്ത്രണ ബോർഡ് കേരളത്തിലെ നദികളിലെയും കായലുകളിലെയും, തെരഞ്ഞെടുത്ത ചില കുളങ്ങളിലെയും, കിണറുകളിലെയും ജലത്തിന്റെ ഗുണനിലവാരം തിട്ടപ്പെടുത്തി വരുന്നു. |
| **(സി)** ജലസ്രോതസ്സുകളുടെ മലിനീകരണം ജലക്ഷാമത്തിനു കാരണമാകുമെന്ന സംഗതി സർക്കാർ ഗൗരവമാക്കി എടുത്തിട്ടുണ്ടോ;<br>**(ഡി)** എങ്കിൽ കേരളീയരുടെ ജലാവശ്യങ്ങൾ വലിയൊരു പരിധി വരെ നിറവേറ്റുന്ന ഇവിടത്തെ നദികളും മറ്റ് പൊതുജലാശയങ്ങളും മാലിന്യവിമുക്തമാക്കുന്ന ബൃഹത് പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | **(സി) യും (ഡി) യും**<br>ഉണ്ട്. ജലസ്രോതസ്സുകളുടെ മലിനീകരണം ശുദ്ധജലക്ഷാമത്തിന് വഴിതെളിക്കുന്നുവെന്ന വസ്തുത ഗൗരവമായി കണ്ട് ജലമലിനീകരണം തടയുന്നതിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പ്രവർത്തിച്ച് വരുന്നു. കേരളത്തിലെ നദികളും മറ്റു ജലാശയങ്ങളും മാലിന്യ വിമുക്തമാക്കുന്ന ബൃഹത് പദ്ധതികൾ സർക്കാരിന്റെ വിവിധ വകുപ്പുകൾ വഴി നടപ്പിൽ വരുത്തുന്നുണ്ട്.<br>വ്യവസായശാലകൾ, ആശുപത്രികൾ, ഹോട്ടലുകൾ മറ്റു പാർപ്പിട സമുച്ചയങ്ങൾ എന്നിവിടങ്ങളിൽ നിന്നുമുള്ള ജലമലിനീ |

കരണം തടയുന്നതിനായി അതാത് സ്ഥാപനങ്ങളിൽ തന്നെ വിപുലമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് ഇവയ്ക്കുള്ള സ്ഥാപനാനുമതിയിൽ അനുശാസിക്കുന്നു. ആയതിൻ പ്രകാരം നിബന്ധനകൾ പാലിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമേ ബോർഡ് തുടർന്ന് പ്രവർത്തനാനുമതി നൽകുന്നുള്ളൂ. ബോർഡ് ഈ സംവിധാനത്തിന്റെ പ്രവർത്തനം നിരീക്ഷിച്ചു വരുന്നു. എന്നാൽ സീവേജ് ഉൾപ്പെടെയുള്ള ഗാർഹിക മാലിന്യം വഴിയാണ് നമ്മുടെ ജലസ്രോതസ്സുകൾ മലിനപ്പെടാൻ കൂടുതൽ കാരണമാകുന്നത്. ഇതു പരിഹരിക്കുന്നതിനായി സർക്കാർ തലത്തിലും സംസ്ഥാനത്തെ പ്രധാന കോർപ്പറേഷനുകൾ വഴിയും നടപടി കൾ സ്വീകരിച്ചു വരുന്നു.

തിരുവനന്തപുരത്ത് മുട്ടത്തറയിൽ 107 mld ശേഷിയുള്ള ഒരു സീവേജ് ശുദ്ധീകരണ പ്ലാന്റിന്റെ നിർമ്മാണം കേന്ദ്ര സഹായത്തോടു കൂടി നടന്നു വരുന്നു. ഈ പദ്ധതിയ്ക്കായി ബോർഡിൽ നിന്നും 2009 വർഷത്തിൽ സ്ഥാപനാനുമതി നൽകിയിരുന്നു. കൊച്ചി നഗരത്തിലെ ഇളംകുളത്തും മുണ്ടംവേലിയിലും വിപുലമായ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുവാനുള്ള നടപടികൾ കൊച്ചി നഗരസഭയും വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിൽ കെ.എസ്.യു.ഡി.പി പദ്ധതി പ്രകാരം സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനായി 2010 മേയിൽ ബോർഡ് കോഴിക്കോട് നഗരസഭയ്ക്ക് സ്ഥാപനാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 226 14/7/2011 ൽ മറുപടിയ്ക്ക്

### പട്ടികവർഗ്ഗക്കാരുടെ സാമ്പത്തിക നിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടിക വർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ശതമാനം കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ ദാരിദ്ര്യത്തിൽ നിന്നും ഉയർത്തികൊണ്ടു വരുന്നതിന് വിവിധ സാമ്പത്തികോന്നമന പരിപാടികൾ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ഇതു കൂടാതെ സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴിയും, ത്രിതല പഞ്ചായത്തുകൾ വഴിയും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിവിധ സാമ്പത്തികോന്നമന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) പട്ടികവർഗ്ഗക്കാരുടെ ദാരിദ്ര്യത്തിന്റെ തോത് ഇന്ത്യയുടെ മൊത്തം ദാരിദ്ര്യ നിലവാരത്തിന്റെ എത്ര ശതമാനമാണെന്ന കണക്ക് ലഭ്യമാണോ; | (ബി) പുതിയ കണക്കുകൾ ലഭ്യമായിട്ടില്ല. |
| (സി) ദാരിദ്ര്യത്തിന്റെ തോത് കുറച്ചുകൊണ്ടുവരാൻ സാധിച്ച പ്രധാന ഘടകങ്ങൾ എന്തെല്ലാമാണ്; ഈ ഘടകങ്ങൾക്ക് തുടർച്ച ഉണ്ടാകാൻ നടപടി സ്വീകരിക്കുമോ; | (സി) ചോദ്യം (എ) യുടെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്ന, പദ്ധതികൾ കാര്യക്ഷമമായി തുടർന്നും നടപ്പിലാക്കുന്നതാണ്. |
| (ഡി) ദാരിദ്ര്യ നിലവാരം കണക്കാക്കുന്നത് ഏതെല്ലാം അടിസ്ഥാന ആവശ്യങ്ങളുടെ ലഭ്യതയുടെ അടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) ഗ്രാമവികസന വകുപ്പ് നടത്തിയ ബി.പി.എൽ. സർവ്വേയിൽ ദാരിദ്ര്യത്തിന്റെ തോത് കണക്കാക്കുന്നതിന് നിശ്ചയിച്ച, സൂചകങ്ങൾ അനുബന്ധം- ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 15

## ദാരിദ്ര്യരേഖ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

**അനുബന്ധം - I/**

**ശേഷിക്കുറവിനെ അടിസ്ഥാനമാക്കിയുള്ള സൂചകങ്ങൾ**

1) സ്ത്രീ ഗൃഹനാഥയായ കുടുംബം
2) അവിവാഹിതരായ അമ്മ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീ/വിധവ
3) കാൻസർ, വൃക്കകളുടെ തകരാറ്, പക്ഷാഘാതം, എയ്ഡ്സ് സ്ഥിരമായ കുഷ്ഠം, ഹൃദ്രോഹം എന്നിവ
4) സർക്കാർ - അർദ്ധ സർക്കാർ സ്ഥാപനങ്ങളിലോ, സ്വകാര്യമേഖലയിലോ, സ്ഥിര വരുമാനമുള്ള തൊഴിൽ ഇല്ലാത്തവർ
5) സ്കൂൾ വിദ്യാഭ്യാസം ഉപേക്ഷിച്ചവർ [20 വയസ്സിൽ താഴെ]
6) വൃദ്ധർ [65 വയസ്സിന് മുകളിൽ]
7) ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ
8) പ്രത്യേക വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾ/ മുഖ്യതൊഴിൽ അനുസരിച്ച് പ്രത്യേക പരിഗണന നൽകുന്ന കുടുംബങ്ങൾ
    1) കൂലിവേല
    2) പട്ടികജാതി
    3) കർഷകതൊഴിലാളി
    4) പട്ടികവർഗ്ഗം
    5) പരമ്പരാഗത മീൻപിടുത്തക്കാർ
    6) കെട്ടിടനിർമ്മാണപണി സഹായി
    7) മത്സ്യവ്യാപരവുമായി ബന്ധപ്പെട്ടവർ
    8) ഹോട്ടൽ തൊഴിലാളികൾ
    9) ചെറുകിട വ്യാപാര സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവർ
    10) തയ്യൽക്കട/ തയ്യൽ ജോലി/ എംബ്രോയ്ഡറി
    11) കയർ തൊഴിലാളി
    12) ചുമട്ടുതൊഴിലാളി
    13) വർക്ക്ഷോപ്പ് തൊഴിലാളി
    14) തട്ടുക്കട/ പെട്ടിക്കട നടത്തുന്നവർ
    15) തോട്ടം തൊളിലാളി
    16) അന്യഗൃഗങ്ങളിൽ വീട്ടുജോലി
    17) കശുവണ്ടി തൊഴിലാളി
    18) സ്വർണ്ണപ്പണിക്കാർ
    19) ബീഡി തൊഴിലാളി
    20) തെങ്ങ്/പന കയറ്റ തൊഴിലാളി
    21) ബാർബർ
    22) ഇരുമ്പ് പണിക്കാർ [ കൊല്ലപ്പണി]
    23) നെയ്ത്ത്
    24) പച്ചക്കറി കച്ചവടം
    25) ഭക്ഷ്യേതര വസ്തുക്കൾകൊണ്ട് നടന്ന് വിൽക്കുന്നവർ
    26) ലോട്ടറി ടിക്കറ്റ് വിൽപ്പന
    27) മത്സ്യ സംസ്കരണ ശാലകളിൽ ജോലി ചെയ്യുന്നവർ
    28) വഴിയോര വാണിഭക്കാർ
    29) കരകൗശല തൊഴിലാളി
    30) മൺപാത്ര നിർമ്മാണം
    31) ഈറ, മുള, പനമ്പ് പണിക്കാർ
    32) അലക്കുകാർ

ആശ്രയ ഗുണഭോക്താവ്

ഉടമസ്ഥാവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള സൂചകങ്ങൾ

1) വീട് വയ്ക്കുന്നതിന് ഭൂമിയില്ലാത്തവർ
2) പുറമ്പോക്കിൽ താമസിക്കുന്നവർ
3) വീടിന്റെ സ്ഥിതി

എ) വീടില്ല ബി) കുടിൽ സി) ഓല /പുല്ല് മേഞ്ഞത് ഡി) ഭാഗികമായി പൂർത്തിയായത്/ജീർണ്ണിച്ചത്

1) സുരക്ഷിതമായ കക്കൂസില്ല
2) 500 മീറ്റർ ചുറ്റളവിൽ കുടിവെള്ളം ലഭ്യമല്ല / കുന്നിൽ പ്രദേശങ്ങളിൽ 100 മീറ്ററിനുള്ളിൽ ലഭ്യമല്ല
3) വൈദ്യുതി ലഭ്യമല്ല.

സെക്രട്ടറി ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 227 — 14.07.2011- ൽ മറുപടിക്ക്

## വാഹന ഇൻഷ്വറൻസ് പ്രീമിയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കെ.വി.വിജയദാസ്<br>,, പി.കെ.ഗുരുദാസൻ<br>,, കെ.ദാസൻ<br>,, കെ.കെ.നാരായണൻ | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി |
| എ) വാഹന ഇൻഷ്വറൻസ് പ്രീമിയം വർദ്ധിപ്പിക്കാനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏറ്റവും കൂടിയ വർദ്ധന എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. ഇൻഷ്വറൻസ് റഗുലേറ്ററി ഡെവലപ്മെന്റ് അതോറിറ്റിയുടെ 15.4.2011 ലെ IRDA/NL/NTFN/ MOTP/066/04/2011 കത്ത് പ്രകാരം എല്ലാ മോട്ടോർ വാഹനങ്ങളുടെയും തേർഡ് പാർട്ടി ഇൻഷ്വറൻസ് പ്രീമിയം നിരക്കുകൾ പരിഷ്കരിച്ചിട്ടുള്ളത് അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്. |
| ബി) രാജ്യത്ത് ഇതേവരെയുള്ളതിൽ വച്ച് ഏറ്റവും കൂടിയ പ്രീമിയം വർദ്ധനയാണുണ്ടായിരിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടില്ല. |
| സി) ഓട്ടോ, ടാക്സി സെക്ടറിൽ സ്വയം തൊഴിൽ ചെയ്യുന്ന പതിനായിരകണക്കിന് തൊഴിലാളികളെ ഇത് സാരമായി ബാധിക്കുമെന്നതിനാൽ, നിരക്ക് കുറയ്ക്കുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ? | സി) ഇൻഷ്വറൻസ് റഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റിക്കാണ് ഇത് സംബന്ധിച്ച തീരുമാനം എടുക്കുന്നതിനുള്ള പൂർണ്ണ അധികാരം. അതിനാൽ ഇക്കാര്യത്തിൽ സർക്കാരിന് നേരിട്ട് ഇടപെടുന്നതിന് നിയമപരമായി പരിമിതിയുണ്ട്. |

സെക്ഷൻ ഓഫീസർ

बीमा विनियामक और विकास प्राधिकरण
INSURANCE REGULATORY AND DEVELOPMENT AUTHORITY

Ref: IRDA/NL/NTFN/MOTP/066/04/2011 15.04.2011

To All General Insurance Companies
( Except AIC, ECGC, Apollo Munich, Star Health & Max Bupa )

Re: Motor Insurance Premium Rates for Third Party Liability Only Cover

The Authority refers to the Exposure Draft on Review of Motor Insurance Premium rates for Third Party Liability Cover dated 4th January 2011, which was published in its website. Subsequently on receiving responses on the exposure draft, the Authority held series of discussions with the Transporters' Associations and Insurers.

By virtue of the power vested in the Authority under Section 14(2) (i) of the IRDA Act, 1999, it is hereby notified that with effect from 25.04.2011, the rates of premium applicable to Motor Third Party Liability Insurance business shall be as set out in Annexure-I to this notification. The Authority has noted that Motor Third Party premiums were revised in the past at 4/5 year intervals. Such long intervals between rate revisions cast an avoidable strain on policyholders as well as on the insurance companies. Premiums need to be reviewed regularly depending upon the average claims which have been awarded by the various courts, frequency of claims for each class of vehicle and inflation amongst other factors. During the consultation process, certain stakeholders had also suggested that an annual review would ease the burden of adjusting to changes in premia consequent to changes in these financial parameters.

Having regard to the above, after extensive statistical analysis of data for all classes of vehicles, the Authority has arrived at a formula for the revision of rates based on settled parameters as set out in Annexure-II. The parameters built into the formula are i) average claims cost for each class of vehicle (ii) frequency of claims for each class of vehicle and (iii) Cost Inflation Index for the year of review.

परिश्रम भवन, तीसरा तल, बशीरबाग, हैदराबाद-500 004. भारत
✆ : 91-040-2338 1100, फैक्स: 91-040-6682 3334
ई-मेल: irda@irda.gov.in वेब: www.irda.gov.in

Parisharam Bhavan, 3rd Floor, Basheer Bagh, Hyderabad-500 004. India.
Ph.: 91-040-2338 1100, Fax: 91-040-6682 3334
E-mail : irda@irda.gov.in Web.: www.irda.gov.in

Based upon the formula as set out in the Annexure II, the premiums would be reviewed and adjusted annually.

Insurers are advised to be mindful of the concerns expressed by vehicle owners about both the rates and availability of insurance. Considering the mandatory nature of Motor Third Party Insurance, insurers are advised to ensure that Motor Third Party Insurance is made available at their underwriting offices and that requests for insurance are processed expeditiously and policies are issued promptly. The Authority will treat any complaint of non-availability of insurance or use of methods to deny/delay the client seeking insurance cover, seriously.

Insurers are not permitted to cancel the current insurance policies and issue fresh policies to effect new premium rates.

This Notification as well as the enclosed schedule of premium rates shall be prominently displayed on the Notice Board of every underwriting office of the Insurers where it can be viewed by the public.

This Notification is issued in supersession of the Authority's earlier Notification Ref: 043/IRDA/De-Tariff/Jan-07 dated 23rd January 2007.

(J. Hari Narayan)
Chairman

**Annexure-I**

बीमा विनियामक और विकास प्राधिकरण
INSURANCE REGULATORY AND DEVELOPMENT AUTHORITY

Motor Third Party Insurance - Schedule of Premium Rates w.e.f. 25th April, 2011

| | | Premium with effect from 25th April, 2011 |
|---|---|---|
| | **Private Cars** | |
| | Not exceeding 1000 cc | **740** |
| | Exceeding 1000 cc but not exceeding 1500 cc | **860** |
| | Exceeding 1500 cc | **2750** |
| | | |
| | **Two Wheelers** | |
| | Not Exceeding 75 cc | **330** |
| | Exceeding 75 cc but not exceeding 150 cc | **330** |
| | Exceeding 150 cc but not exceeding 350 cc | **330** |
| | Exceeding 350 cc | **680** |
| | | |
| **A1** | **Goods Carrying Vehicles Public Carriers [illegible]** | |
| | GVW not exceeding 7500 kgs | **9400** |
| | Exceeding 7500 kgs but not exceeding 12000 kgs | **9970** |
| | Exceeding 12000 kgs but not exceeding 20000 kgs | **10260** |
| | Exceeding 20000 kgs but not exceeding 40000 kgs | **10550** |
| | Exceeding 40000 kgs | **11410** |
| | | |
| **A2** | **Goods Carrying [illegible]** | |
| | GVW not exceeding 7500 kgs | **8420** |
| | Exceeding 7500 kgs but not exceeding 12000 kgs | **8930** |
| | Exceeding 12000 kgs but not exceeding 20000 kgs | **9170** |
| | Exceeding 20000 kgs but not exceeding 40000 kgs | **9450** |
| | Exceeding 40000 kgs | **10190** |
| | | |
| **A3** | **Goods Carrying Motorized Three Wheelers and [illegible] Cycles - Pubic Carriers** | **2580** |
| | | |
| **A4** | **Goods Carrying Motorised Three Wheelers and [illegible] Cycles - Private Carriers** | **2440** |
| | | |
| **B** | **Trailers** | |
| | Agricultural Tractors up to 6 HP | **380** |
| | Other vehicles including Miscellaneous & Special Type of vehicles (Class-D) | **930** |
| | ( For each trailer, for more please multiply by no.of trailers ) | |

| | | Basic TP Premium (A) | Premium (Per licensed Passenger) (B) |
|---|---|---|---|
| **C1a** | **Four [illegible] reward [illegible]** | | |
| | Not exceeding 1000 cc | **2780** | **560** |
| | Exceeding 1000 cc but not exceeding 1500 cc | **3930** | **560** |
| | Exceeding 1500 cc | **4780** | **560** |
| | [ TP Premium is the total of a basic amount (A) plus an amount derived by multiplying the licensed carrying capacity by the amount in (B) ] | | |

Motor Third Party Insurance - Schedule of Premium Rates w.e.f 25th April, 2011

| | | [illegible] | |
|---|---|---|---|
| | | Basic TP Premium (A) | Premium (Per licensed Passenger) (B) |
| C2 | Four [illegible] | 5320 | 380 |
| C1( | [illegible] | 860 | 500 |
| | [ TP Premium is the total of a basic amount (A) plus an amount derived by multiplying the licensed carrying capacity by the amount in (B) ] | | |
| C3 | [illegible] | 2630 | 500 |
| | [ TP Premium is the total of a basic amount (A) plus an amount derived by multiplying the licensed carrying capacity by the amount in (B) ] | | |
| C2 | [illegible] | 5320 | 380 |
| | [ TP Premium is the total of a basic amount (A) plus an amount derived by multiplying the licensed carrying capacity by the amount in (B) ] | | |

| | | |
|---|---|---|
| C4 | [illegible] | |
| | Not exceeeding 75 cc | 500 |
| | Exceeding 75 cc but not exceeding 150 cc | 500 |
| | Exceeding 150 cc but not exceeding 350 cc | 500 |
| | Exceeding 350 cc | 1150 |
| D | Special [illegible] | |
| | i) Pedestrian controlled Agricultural Tractors with Horse Power rating not exceeding 6 HP; Hearses and Plane Loaders | 440 |
| | ii) Other Misc & Spl types of vehicles | 1350 |
| E | [illegible] | |
| | i) Distance not exceeding 2400 Kms | 840 |
| | ii) Distance exceeding 2400 Kms | 1010 |
| F | Motor Trade (Road Risk) (Excluding Motorized [illegible]). | |
| | 1st named driver or certificate | 930 |
| | For additional Drivers/Certificates upto 5 (Per driver/certificate) | 450 |
| | For additional Drivers/Certificates exceeding 5 but not exceeding 10 (per driver/certificate) | 290 |
| | For additional Drivers/Certificates exceeding 10 but not exceeding 15 (per driver/certificate) | 250 |
| | [illegible] | |
| | 1st named driver or certificate | 500 |
| | For each additional Driver/Certificate | 250 |

**Annexure-II**

The premium for the Motor TP policies shall be determined by using the formula:

$$P(t) = C1(t) * CII(t-1) + C2(t)$$

where P(t) is the Motor TP premium applicable to the financial year 't',

CII(t-1) is the Cost Inflation Index for the year 't-1' as notified by CBDT, and

C1(t) and C2(t) are the parameters applicable to the financial year 't' whose values shall be as determined and notified by the Authority in each financial year based on the experience measured in terms of average claim amounts, frequency and expenses involved in servicing the Motor TP business. The values of the parameters C1(t) and C2(t) may vary according to the class of vehicle.

- - - - -

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നം. * 228 — 14.7.2011-ൽ മറുപടിക്ക്

## ഈവർഷത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. വാർഷിക ഫീസ്

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. കെ. ടി. ജലീൽ :<br>ശ്രീ. എം. എ. ബേബി :<br>ശ്രീ. റ്റി. വി. രാജേഷ് :<br>ശ്രീ. എ. പ്രദീപ്കുമാർ : | ശ്രീ. അടൂർപ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) ഈ വർഷത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. വാർഷിക ഫീസ് എത്രയായിരിക്കണമെന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ ; | (എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. വാർഷിക ഫീസ് അതാത് വർഷത്തെ അഡ്മിഷൻ സമയങ്ങളിലാണ് നിശ്ചയിക്കാറുള്ളത്. ഈ വർഷത്തെ എം.ബി.ബി.എസ്. ഫീസ് സംബന്ധിച്ചുള്ള കേസ് ബഹു : ഹൈക്കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതിനാൽ വാർഷിക ഫീസ് ഇതുവരെയും നിശ്ചയിച്ചിട്ടില്ല. |
| (ബി) വാർഷിക ഫീസ് സംബന്ധിച്ച ഹൈക്കോടതിയുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ; | (ബി) & (സി)<br>സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. കോഴ്സിനുള്ള വാർഷിക ഫീസ് 2.54 ലക്ഷം മുതൽ 2.58 ലക്ഷം വരെയായി നിശ്ചയിച്ച ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റിയുടെ ഉത്തരവിനെതിരെ |

| | |
|---|---|
| (സി) ഈ ഉത്തരവിനെതിരെ അപ്പീൽ സമർപ്പിക്കാനുദ്ദേശമുണ്ടോ ; സിംഗിൾ ബെഞ്ച് ഉത്തരവിൽ അപ്പീൽ നൽകേണ്ടത് മുഹമ്മദ് കമ്മിറ്റിയല്ല സർക്കാരാണെന്ന് ഹൈക്കോടതി അഭിപ്രായപ്പെട്ടിട്ടുണ്ടോ ; | സ്വാശ്രയ മാനേജ്മെന്റുകൾ ഹർജി സമർപ്പിക്കുകയും അതേതുടർന്ന് ബഹു: ഹൈക്കോടതി പ്രസ്തുത ഉത്തരവ് റദ്ദാക്കുകയും 3.5 ലക്ഷം രൂപ വാർഷിക ഫീസായി നിശ്ചയിക്കുകയും ചെയ്തു. ഇതിനെതിരെ മുഹമ്മദ് കമ്മിറ്റി സമർപ്പിച്ച അപ്പീൽ പരിഗണിക്കവെ അപ്പീൽ നൽകേണ്ടത് സർക്കാരാണെന്ന് ഹൈക്കോടതി അഭിപ്രായപ്പെടുകയുണ്ടായി. ഇതിൻപ്രകാരം ബഹു : ഹൈക്കോടതി ഉത്തരവിനെതിരെ സർക്കാർ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) ബി.പി.എൽ, എസ്.സി.-എസ്.ടി, എസ്.ഇ.ബി.സി. എന്നീ വിഭാഗം വിദ്യാർത്ഥികൾക്ക് കോടതി വിധിമൂലം ചുരുങ്ങിയ ഫീസിൽ പഠിക്കാനുള്ള അവസരം നഷ്ടപ്പെടുകയാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ഡി) സംവരണ വിഭാഗം വിദ്യാർത്ഥികൾക്ക് ചുരുങ്ങിയ ഫീസിൽ പഠിക്കാനുള്ള അവസരം ഉറപ്പുവരുത്തുന്നതടക്കമുള്ള കാര്യങ്ങളിൽ ചർച്ചകൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 229 | 14.07.2011-ൽ മറുപടിയ്ക്ക് |
|---|---|

### മാനസികാരോഗ്യ കേന്ദ്രങ്ങളുടെ ശോചനീയാവസ്ഥ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ . [illegible] പി. ഉബൈദുള്ള :<br>ശ്രീ. മഞ്ഞളാം കുഴി അലി :<br>ശ്രീ.പി.കെ. ബഷീർ :<br>ശ്രീ. കെ.എൻ.എ. ഖാദർ : | | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ ശോചനീയാവസ്ഥയെ കുറിച്ചുള്ള സി.എ.ജി. റിപ്പോർട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിന് കേന്ദ്രസർക്കാർ നൽകിയ ഫണ്ട് ചെലവഴിക്കാതെ ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചതായുള്ള പരാമർശത്തെക്കുറിച്ച് പരിശോധിക്കുമോ ; | ബി) | പരിശോധിക്കുന്നതാണ്. പ്രസ്തുത റിപ്പോർട്ടിലെ പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് കേരളാ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി സെക്രട്ടറിയോട് സർക്കാരിൽ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച തുടർ നടപടികൾക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം 19.07.2011 ൽ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടത്തുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ആരോഗ്യ മേഖലയുടെ വികസനത്തിന് കഴിഞ്ഞ അഞ്ചു വർഷം കേന്ദ്ര സർക്കാർ നൽകിയ സഹായം സംബന്ധിച്ച വിശദ വിവരം വെളിപ്പെടുത്തുമോ ; | സി) യും ഡി) ക്കും | ആരോഗ്യ മേഖലയുടെ വികസനത്തിന് താഴെ പറയുന്ന പദ്ധതികൾ മുഖേനയാണ് കേന്ദ്ര സഹായം ലഭ്യമാകുന്നത്.<br>1. എൻ.ആർ.എച്ച്.എം. പദ്ധതി<br>2. ആയുഷ് പദ്ധതി<br>3. കപ്പാസിറ്റി ബിൽഡിംഗ് പദ്ധതി<br>4. ദേശീയ മാനസിക ആരോഗ്യ പരിപാടി<br>5. ജില്ലാ മാനസിക ആരോഗ്യ പരിപാടി<br>6. മാനസിക ആരോഗ്യ കേന്ദ്ര വികസന പരിപാടി<br>7. സൈക്യാടി ഡിപ്പാർട്ട്മെന്റ് വികസന പരിപാടി<br>8. മാനവശേഷി വികസന പരിപാടി<br>9. ട്രോമകെയർ സ്ഥാപന പരിപാടി<br>10. നേഴ്സിംഗ് സർവ്വീസ്സ് വികസന പരിപാടി<br>11. അന്ധതാനിവാരണ പരിപാടി<br>12. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി നിർമ്മാണ പദ്ധതി<br>13. മെഡിക്കൽ കോളേജുകളിൽ പി.ജി സീറ്റുകളുടെ എണ്ണം കൂട്ടുന്നതിനുള്ള വികസന പരിപാടി<br>14. പി.എം.എസ്.എസ്. പദ്ധതി<br><br>മേൽ പ്രസ്താവിച്ച പദ്ധതികൾക്കായി ലഭിച്ച കേന്ദ്ര സഹായം, ചെലവഴിച്ച തുക, എത്ര ശതമാനം ലക്ഷ്യം കൈവരിച്ചു തുടങ്ങിയ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) | ഇതിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നും എത്ര ശതമാനം ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ; | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

(തുക ലക്ഷത്തിൽ)

| ക്രമ .നം | പദ്ധതിയുടെ പേര്, വർഷം | ലഭിച്ച കേന്ദ്രസഹായം | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| 1 | ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ.— എൻ.ആർ. എച്ച്.എം പദ്ധതി 2006-07 മുതൽ 2010-2011 വരെ | 83196 | 80583 | 97% |
| 2 | ഭാരതീയ ചികിത്സാ വകുപ്പ് – വിവിധ ആയുഷ് പദ്ധതികൾ 2006-07 മുതൽ 2010-2011 വരെ | 3015.21 | 1410.45 | 47% |
| 3 | ഹോമിയോപ്പതി വകുപ്പ് – വിവിധ ആയുഷ് പദ്ധതികൾ | 716.50 | 667.40 | 93.15% |
| 4 | ആയുർവ്വേദ മെഡിക്കൽ – വിദ്യാഭ്യാസ വകുപ്പ് – വിവിധ ആയുഷ് പദ്ധതികൾ | 1715.82 | 1204.88 | [illegible]%<br>70.17 |
| 5 | ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് – വിവിധ ആയുഷ്പദ്ധതികൾ | 354.55 | 239.10 | 67.51% |
| 6 | ഡ്രഗ്സ് കൺട്രോൾ വകുപ്പ് —<br>കപ്പാസിറ്റി സിൽഡിംഗ് പദ്ധതി<br>ആയുഷ് പദ്ധതി | <br>115.00<br>15.00 | <br>99.70<br>11.42 | <br><br>76% |
| 7 | ആരോഗ്യ വകുപ്പ് — മാനസികാരോഗ്യ കേന്ദ്രം, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്. (ദേശീയ മാനസിക ആരോഗ്യ പദ്ധതി)<br>തിരുവനന്തപുരം, തൃശ്ശൂർ,ഇടുക്കി, വയനാട് ,കണ്ണൂർ (ജില്ലാ മാനസിക ആരോഗ്യ പരിപാടി) | 645.<br>165.87 | 577.09<br>133.22 | 89.47%<br>80.32% |

(signature)

സെക്ഷൻ ഓഫീസർ.

| | | | | |
|---|---|---|---|---|
| 8 | ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്<br>1. മെഡിക്കൽ കോളേജ് സൈക്യാട്രി വിഭാഗത്തിൽ അടിസ്ഥാന സൗകര്യ വികസനം<br>2. മാൻപവർ ഡവലപ്പ്മെന്റ് ഇൻ മെന്റൽ ഹെൽത്ത് പദ്ധതി (സ്കീം.എ&ബി) | 206.<br>2273;66 | 161.93<br>Nil | 78.61%<br>0% |
| 9 | ട്രോമാകെയർ ഡവലപ്പ്മെന്റ് പദ്ധതി<br>തിരുവനന്തപുരം മെഡിക്കൽ കോളേജിൽ | 144.86 | 97.55 | 67% |
| 10 | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വൃദ്ധരുടെ ആരോഗ്യ പരിപാലന ദേശീയ വദ്ധതി | 213.65 | – | 0% |
| 11 | കോഴിക്കോട് മെഡിക്കൽ കോളേജിൽ എമർജൻസി മെഡിക്കൽസൗകര്യം ലഭ്യമാക്കുന്നതിനുള്ള പദ്ധതി | 142.00 | 142 | 100% |
| 12 | കോഴിക്കോട് മെഡിക്കൽ കോളേജിൽ കാൻസർകൺട്രാൾ പ്രോഗ്രാം | 150.00 | 150.00 | 100% |
| 13 | കോഴിക്കോട് മെഡിക്കൽ കോളേജിന് സൂപ്പർ സ്പെഷ്യാലിറ്റി | 900 | 900 | 100% |
| 14 | കോട്ടയം മെഡിക്കൽ കോളേജിൽ ട്രാമാകെയർ സൗകര്യം | 146.25 | 167.64 | 100% |
| 15 | കോട്ടയം മെഡിക്കൽ കോളേജിൽ നാഷണൽ കാൻസർ കൺട്രാൾ പ്രോഗ്രാം | 100 | 100 | 100% |
| 16 | കോട്ടയം മെഡിക്കൽ കോളേജിൽ അ[illegible] നിവ[illegible]രണ പരിപാടി | 40 | .13 | 32.5% |
| 17 | തൃശ്ശൂർ മെഡിക്കൽ കോളേജിൽ പി. ജി. സീറ്റുകളുടെ എണ്ണം വരദ്ധിപ്പിക്കുന്നതിനായുള്ള അടിസ്ഥാന സൗകര്യ വികസനം | 5.63 | – | 0% |

സെക്ഷൻ ഓഫീസർ

| | | | | |
|---|---|---|---|---|
| 18 | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പി. എം. എസ്. എസ്. പദ്ധതി | 10000 | 10000 | 100% |
| 19 | ആലപ്പുഴ മെഡിക്കൽ കോളേജിൽ അന്ധത നിവാരണ പദ്ധതി | 40 | 27.30 | 68% |
| 20 | ആലപ്പുഴ, കോട്ടയം കോഴിക്കോട്, തൃശ്ശൂർ മെഡിക്കൽ കോളേജുകളിലെ നേഴ്സിംഗ് സർവ്വീസ് വികസന പദ്ധതി. | 1030.59 | 360.60 | 35% |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 230

14.7.2011 -ൽ മറുപടിക്ക്

## ഏകീകൃത പൊതുജനാരോഗ്യ നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മാത്യു റ്റി.തോമസ്:<br>ശ്രീമതി.ജമീലാ പ്രകാശം:<br>ശ്രീ.ജോസ് തെറ്റയിൽ:<br>" സി.കെ.നാണു: | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) ഏകീകൃത പൊതുജനാരോഗ്യ നിയമം കേരള സംസ്ഥാനത്ത് നടപ്പിലാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പാൻപരാഗ്, ഹാൻസ് തുടങ്ങിയ ലഹരി വസ്തുക്കളുടെ വിൽപ്പന അനുസ്യൂതം തുടരുന്ന സാഹചര്യത്തിൽ പൊതുജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കപ്പെടുന്നതിനായി സംസ്ഥാനത്ത് അടിയന്തിരമായി ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;<br>(സി) എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ബി)യും (സി) യും<br>ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള കരട് ബില്ല് തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് രൂപം നൽകാനുള്ള നടപടികൾ എടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 231 — 14-07-2011-ൽ മറുപടിയ്ക്ക്

## യൂത്ത് കമ്മീഷൻ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. റ്റി.വി. രാജേഷ്:<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:<br>ശ്രീ. സാജു പോൾ:<br>ശ്രീ. ബാബു. എം. പാലിശ്ശേരി: | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)) |
| (എ) യുവജനങ്ങളുടെ അവകാശങ്ങൾ നിയമപരമായി സ്ഥാപിച്ചു കിട്ടുന്നതിനായി മുൻ സർക്കാർ പരിഗണിച്ചിരുന്ന യൂത്ത് കമ്മീഷൻ രൂപീകരിക്കാൻ ഉദ്ദേശമുണ്ടോ; | (എ) | ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) യൂത്ത് കമ്മീഷൻ രൂപീകരിക്കാനായി നിയമനിർമ്മാണത്തിന് സഹായകമായ ഒരു കരട് ബിൽ ലഭിച്ചിട്ടുണ്ടോ; ഇത് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. പരിശോധിച്ചു വരുന്നു. |
| (സി) നിർദ്ദേശിക്കപ്പെട്ട യൂത്ത് കമ്മീഷൻ പ്രവർത്തനങ്ങൾ എങ്ങനെയായിരിക്കുമെന്ന് വിശദമാക്കുമോ ? | (സി) | ഇക്കാര്യം ചർച്ചചെയ്തു തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 232 — 14.7.2011 -ൽ മറുപടിക്ക്

## പ്ലാസ്റ്റിക് ഉപകരണങ്ങളും, കളിപ്പാട്ടങ്ങളും ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പഠനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ:<br>" പി.ഉബൈദുള്ള:<br>" കെ.മുഹമ്മദുണ്ണി ഹാജി:<br>" കെ.എൻ.എ.ഖാദർ: | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) കേരളത്തിൽ വിപണനം ചെയ്യുന്ന പ്ലാസ്റ്റിക് ഉപകരണങ്ങളും, കളിപ്പാട്ടങ്ങളും പാർശ്വഫലങ്ങളും ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാക്കുന്നവയാണോ എന്ന് പരിശോധിക്കാൻ കഴിഞ്ഞ അഞ്ചുവർഷക്കാലം നടത്തിയ പഠനങ്ങളുടെയും ഗവേഷണങ്ങളുടെയും വിശദവിവരം വെളിപ്പെടുത്തുമോ; | (എ) ആരോഗ്യ വകുപ്പ് ഇക്കാര്യത്തിൽ പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |
| (ബി) താലേറ്റ് എന്ന പേരിലറിയപ്പെടുന്ന താലിക് അമ്ലത്തിന്റെ ഗുണദോഷങ്ങളെക്കുറിച്ച് അറിവുണ്ടോ; ഇതിനെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (ബി) അറിവുണ്ട്. കൂടിയ അളവിൽ ഉപയോഗിച്ചാൽ ആരോഗ്യത്തിന് ദോഷകരമായ പ്രശ്നങ്ങൾ ഉണ്ടാകുന്നവയാണ്. ആരോഗ്യ വകുപ്പ് ഇതിനെക്കുറിച്ച് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |
| (സി) ഈ അമ്ലം പ്ലാസ്റ്റിക് നിർമ്മിതിയിൽ ഉപയോഗിക്കുന്ന വിവരം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) യും (ഡി) യും<br>ആരോഗ്യ വകുപ്പ് ഇക്കാര്യത്തിൽ പരിശോധനയൊന്നും നടത്തിയിട്ടില്ല. |
| (ഡി) മാർക്കറ്റിൽ സുലഭമായ ചൈനീസ് നിർമ്മിത കളിപ്പാട്ടങ്ങൾ, അത് ഉപയോഗിക്കുന്ന കുട്ടികളിലും ഉപേക്ഷിക്കപ്പെടുന്ന അവസ്ഥയിൽ മണ്ണിലും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിക്കാൻ നടപടികളെടുത്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | |

സെക്ഷൻ ഓഫീസർ

R


<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ഒന്നാം സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 233 14/07/2011 ൽ മറുപടിയ്ക്ക്

<u>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. എ.കെ. ബാലൻ<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ. എസ്.രാജേന്ദ്രൻ | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കായി ഈ സർക്കാർ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | (എ) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കായി ഈ സർക്കാരിന്റെ 100 ദിവസത്തെ കർമ്മ പരിപാടികളിൽ ഉൾപ്പെടുത്തി താഴെപറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>1. എട്ടാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്നതിനുള്ള പദ്ധതി.<br>2. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള എല്ലാ പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലും കോയിൻ ബോക്സ് ഫോൺ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.<br>3. പട്ടികവർഗ്ഗ വികസന വകുപ്പിന് സ്വന്തമായി കെട്ടിടമുള്ള എല്ലാ ഹോസ്റ്റലുകളിലും ലൈബ്രറി ആരംഭിക്കുന്ന പദ്ധതി. |
| (ബി) 2001-2006 കാലത്ത് വിദ്യാർത്ഥികൾക്ക് നൽകാനുണ്ടായിരുന്ന ധനസഹായ കുടിശ്ശിക മുൻ സർക്കാർ മുഴുവനായും കൊടുത്തു തീർത്തിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഇന്ത്യയിൽ ആദ്യമായി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ബാങ്ക് എ.ടി.എം. വഴി ലഭ്യമാക്കുന്നതിന് വേണ്ടി മുൻ സർക്കാർ നടപ്പിലാക്കിയ ഇ-ഗ്രാന്റ് പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ ഇ-ഗവേണൻസ് ദേശീയ അവാർഡ് ലഭിച്ചിട്ടുണ്ടോ? | (സി) ഉണ്ട് |



സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 234</u> — <u>14.7.2011-ൽ മറുപടിക്ക്</u>

### <u>വൃക്ക രോഗ ചികിത്സ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ :<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :<br>ശ്രീ. സി. മോയിൻകുട്ടി :<br>ശ്രീ. പി.ബി. അബ്ദുൾ റസാക് : | ശ്രീ. അടൂർപ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) വൃക്ക രോഗ ചികിത്സയ്ക്ക് മതിയായ ചികിത്സാ സൗകര്യങ്ങൾ കേരളത്തിലെ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും നിലവിൽ ലഭ്യമാണോ ; | (എ) വൃക്ക രോഗ ചികിത്സാ സൗകര്യങ്ങൾ കേരളത്തിലെ എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ലഭ്യമാണ്. എന്നാൽ ഈ സൗകര്യങ്ങൾ കേരളത്തിലെ ജില്ലാ ആശുപത്രികളിൽ ലഭ്യമല്ല. |
| (ബി) ഈ ആശുപത്രികളിൽ എവിടെയെല്ലാം നെഫ്രോളജിസ്റ്റ് തസ്തികകൾ നിലവിലുണ്ട് ; | (ബി) എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും നെഫ്രോളജിസ്റ്റ് തസ്തികകൾ നിലവിലുണ്ട്. എന്നാൽ ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ നെഫ്രോളജിസ്റ്റ് തസ്തികകൾ നിലവിലില്ല. |
| (സി) എല്ലാ ജില്ലാ ആശുപത്രികളിലും ഡയാലിസിസ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നെഫ്രോളജിസ്റ്റുകളുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; | (സി) ഇക്കാര്യം പരിഗണിക്കുന്നതാണ്. |
| (ഡി) വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കഴിഞ്ഞ രോഗികൾക്ക് തുടർ ചികിത്സയ്ക്ക് ധനസഹായം നൽകുന്നതിനും ഇവർക്കുള്ള മരുന്നുകൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ ; | (ഡി) വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്ക് ബഹു: പ്രധാനമന്ത്രിയുടെ സഹായനിധിയിൽ നിന്നും അർഹത പരിഗണിച്ച് സഹായം ലഭ്യമാക്കുന്നുണ്ട്. ആരോഗ്യവകുപ്പിന്റെ SMAP ഫണ്ടിൽ നിന്നും 20,000 /- രൂപ നിർദ്ദിഷ്ട ആശുപത്രികൾക്ക് ലഭ്യമാക്കുന്നുണ്ട്. |

| | |
|---|---|
| | ഇതുകൂടാതെ 18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് വൃക്കരോഗ ചികിത്സ നൽകുന്നതിന് 'താലോലം' എന്ന പദ്ധതിയുമുണ്ട്. |
| (ഇ) വൃക്ക രോഗികളുടെ വർദ്ധന കണക്കിലെടുത്ത് സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, വൃക്കമാറ്റ സംവിധാനങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനും നടപടി കൈക്കൊള്ളുമോ ? | (ഇ) കേരളത്തിലെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഡയാലിസിസ് സംവിധാനമുണ്ട്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 235 — 14.07.2011- ലെ മറുപടിക്ക്

## ഡ്രൈവിംഗ് ലൈസൻസ് നൽകാൻ പുതിയ സമ്പ്രദായം

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ കെ.കെ.ജയചന്ദ്രൻ<br>,, കെ.കെ.നാരായണൻ<br>ശ്രീമതി പി.അയിഷാ പോറ്റി | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| എ) ഡ്രൈവിംഗ് ലൈസൻസ് നൽകുന്ന രീതിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. ഡ്രൈവിംഗ് ടെസ്റ്റ് കമ്പ്യൂട്ടർ വൽക്കരിക്കുവാനും നിലവിലുള്ള ലാമിനേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് പരിഷ്കരിച്ചുകൊണ്ട് സ്മാർട് കാർഡ് രൂപത്തിൽ ലൈസൻസ് നൽകുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) പ്രീ- ലേണേഴ്സ് ക്ലാസുകൾ സംബന്ധിച്ച് വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) നിലവിലുള്ള മോട്ടോർ വാഹന നിയമങ്ങളിലും, ചട്ടങ്ങളിലും പ്രീ- ലേണേഴ്സ് ക്ലാസുകൾ സംബന്ധിച്ച വ്യവസ്ഥകളൊന്നും തന്നെയില്ല. എന്നാൽ ലേണേഴ്സ് ലൈസൻസ് അപേക്ഷകർക്ക് ബന്ധപ്പെട്ട മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ/അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ റോഡ് ചട്ടങ്ങളെയും, റോഡ് സുരക്ഷയെയും സംബന്ധിച്ച് ക്ലാസ് സംഘടിപ്പിക്കണമെന്ന് ട്രാൻസ്പോർട്ട് കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) പുതിയ രീതി ഏർപ്പെടുത്തുന്നതിലൂടെ ലൈസൻസിംഗ് സമ്പ്രദായം | സി) ഡ്രൈവിംഗ് ടെസ്റ്റ് കമ്പ്യൂട്ടർ വൽക്കരണത്തിലൂടെ ടെസ്റ്റ് ഏകീകൃ |

| | |
|---|---|
| എത്രമാത്രം മെച്ചപ്പെടുത്താൻ കഴിയും എന്നാണ് കരുതുന്നത്? | തവും മെച്ചപ്പെട്ടതുമായ നിലവാരത്തിൽ നടത്തുവാൻ കഴിയുന്നതാണ്. തികച്ചും കഴിവുള്ള ഡ്രൈവർമാർ മാത്രം ലൈസൻസ് നേടുന്നു എന്നുറപ്പാക്കാനാകും. ലൈസൻസിംഗിൽ സ്മാർട്ട് കാർഡ് സമ്പ്രദായം നിലവിൽ വരുന്നതിലൂടെ വ്യാജ ലൈസൻസ് നിർമ്മിക്കുന്നതും, നൽകുന്നതും തടയുവാൻ കഴിയും. സ്മാർട്ട് കാർഡ് നിലവിൽ വരുമ്പോൾ നിയമങ്ങൾ കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പിൽ വരുത്തുവാൻ കഴിയും. കൂടാതെ , സസ്പെൻഷൻ ഉൾപ്പെടെയുള്ള ലൈസൻസ് സംബന്ധമായ എല്ലാ വിവരങ്ങളും ഇതിൽ രേഖപ്പെടുത്തുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 236 — 14.07.2011—ൽ മറുപടിക്ക്

### ജല വിതരണ പദ്ധതികളുടെ പുനരുദ്ധാരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)<br>,, വി. ശിവൻകുട്ടി<br>,, കെ.വി. അബ്ദുൾ ഖാദർ<br>,, കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | കാലപ്പഴക്കം കൊണ്ട് പൈപ്പുകൾ നിരന്തരം പൊട്ടുന്ന ജലവിതരണ പദ്ധതികളുടെ പുനരുദ്ധാരണത്തിനും പൈപ്പുകൾ മാറ്റുന്നതിനും മുൻ സർക്കാർ ആവിഷ്കരിച്ച പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ; | (എ) | കാലപ്പഴക്കം കൊണ്ട് പൈപ്പുകൾ നിരന്തരം പൊട്ടുന്ന ജലവിതരണ പദ്ധതികളുടെ പുനരുദ്ധാരണത്തിനും പൈപ്പുകൾ മാറ്റുന്നതിനും ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇവയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾ ഏതൊക്കെയായിരുന്നു; അവയുടെ നിർമ്മാണ പുരോഗതി അവലോകനം നടത്തുകയുണ്ടായോ; | (ബി) | പ്രസ്തുത പദ്ധതികൾ വടകര, കണ്ണൂർ, കാസർഗോഡ്, മഞ്ചേരി, കോഴിക്കോട്, തലശ്ശേരി എന്നിവയാണ്.<br>ഇവയുടെ നിർമ്മാണ പുരോഗതി ഗവൺമെൻറ് തലത്തിൽ അവലോകനം നടത്തുകയുണ്ടായിട്ടുണ്ട് മാത്രമല്ല, അതോറിറ്റി മേഖലാ ചീഫ് എഞ്ചിനീയർ തലത്തിലും ഹെഡ് ഓഫീസ് തലത്തിലും അവലോകനം നടത്തിയിട്ടുണ്ട്. |
| (സി) | പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## SAARK 2009-10- Replacement of old pipes of six WSS

| Sl. No | Name of scheme | AS in Rs. Lakhs | Status |
|---|---|---|---|
| 1 | Vadakara Augmentation-Impt. | 1000.00 | Total packages 8 nos.<br>Supplying RW pumpset at Koorangottukadavu-Agreement executed.<br>S/E of transformer at Koorangottukadavu-Estimate submitted.<br>Supply CW pumpset at Veeranchery-Tender submitted to SE.<br>Laying hotline to Puduppanam-Tendered.Placed in Board dated 30/6/11.Resolution awaited.<br>Replacing damaged dist lines in Reach I(10.17 km)-Tender cancelled due to high quoted rate. Directed to retender.<br>Replacing damaged dist lines in Reach II(14.27 Km)-Tendered. Directed to retender.<br>Replacing damaged dist lines in Reach III(21 km)-Tendered. Directed to retender.<br>Replacing damaged dist lines in Reach IV(28.56 km )-Proceedings issued from HO. |
| 2 | Kannur WSS Impt. | 6700.00 | Total packages 1nos.<br>Tendered. Draft proceedings put up. |
| 3 | Kasaragod WSS Impt. | 288.00 | Total packages 2 nos.<br>Replacing the existing distribution line by 500mm DI pipe-Tendered, To be placed in the Board.<br>8m dia well cum pump house-Tendered and cancelled. Directed to retender. Revised estimate submitted to SE for approval. |
| 4 | Manjeri WSS Impt. | 1450.00 | Total packages 1 no.<br>Laying 600 mm DI K 9 pipe-13200m-Work tendered, under processing in MD's office.<br>230HP VT pumpset-3 Nos. to be tendered.<br>Additional power allocation charges-Applied. |

| | | | |
|---|---|---|---|
| 5 | Koznikkode WSS - Rehabilitation | 2500.00 | Total packages 6 nos. Package I- Laying PE pipes -46.72 km-Work tendered twice. No response . Revised estimate sanctioned. Work to be tendered. Package II-Laying PE pipes -37.6 km-Tender cancelled due to high rate, Revised estimate under preparation. PackageIII-Laying PE pipes -34.01 km-Tender cancelled due to high rate. Revised estimate under preparation. Package IV-Laying PE pipes -34.08 km-Tender cancelled due to high rate. Revised estimate under preparation. Package V-Laying PE pipes -30.77 km-Tender submitted to MD for approval. Empowered commitee sanctioned the tender. Proceedings issued. Package VI-Laying PE pipes -31.11 km-Work tendered twice. No response. Revised estimate under preparation |
| 6 | WSS to Thalassery Augmentation-Improvement | 4950.00 | Total packages 4nos. Intake well cum pump house,construction of approach bridge-Price bid opened.Tender submitted to Ce for approval. Installation of Transformer,pumpsets etc-Estimate under scrutiny RWPM- Tendered. draft proceedings put up. Improvement works of existing weir &WTP-Work submitted Electrical work-The work is included in UIDSSMT project and hence reported to higher office to drop this component KSEB works-Providing 33 KV common Electrical sub station at Veliyambra- Estimate finalised by KSEB |
| Total | | 16888.00 | |

ശെലിൻ ജോസ്

## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 237 — 14/07/2011-ൽ മറുപടിക്ക്

### ട്രൈബൽ മിഷന്റെ പ്രവർത്തനം

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | സംസ്ഥാന ട്രൈബൽ മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാന ട്രൈബൽ മിഷന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും നയപരമായ കാര്യങ്ങളിലും പ്രോജക്ടുകളുടെ അംഗീകാരത്തിനും മിഷൻ പ്രവർത്തനങ്ങൾക്ക് ഫീൽഡ് തലത്തിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനും മറ്റുമായി ചീഫ് സെക്രട്ടറി ചെയർമാനും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വൈസ് ചെയർമാനുമായി രൂപീകരിച്ച ഉന്നതാധികാര സമിതി നാളിതുവരെ 22 യോഗങ്ങൾ കൂടുകയും ട്രൈബൽ മിഷന്റെ പ്രവർത്തനം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. |
| ബി | ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദീകരിക്കാമോ; | ഭൂരഹിതരും നാമമാത്ര ഭൂമിയുള്ളവരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകി അവരെ പുനരധിവസിപ്പിക്കുക എന്നതാണ് ആദിവാസി പുനരധിവാസ വികസന മിഷന്റെ പ്രധാന ലക്ഷ്യം. പുനരധിവസിപ്പിക്കുന്ന ആദിവാസി കുടുംബങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനും, സുസ്ഥിര സാമ്പത്തിക വികസനത്തിനുമുതകുന്ന പദ്ധതികൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. |
| സി | എന്നാണ് ഇത് രൂപീകരിച്ചത്; രൂപീകരണ ശേഷം ലക്ഷ്യങ്ങൾ കൈവരിക്കാൻ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് ; | 09/11/2001-ലെ സർക്കാർ ഉത്തരവ് നമ്പർ(പി)63/2001/ പജാ.പവ.വിവ പ്രകാരമാണ് ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ചത്. ആദിവാസി പുനരധിവാസ വികസന മിഷന്റെ കീഴിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്.<br>(I) ഭൂരഹിത ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട പരിപാടികൾക്ക് ഡോ.റ്റി.മാധവമേനോന്റെ (ഐ.എ.എസ്സ് റിട്ട.) നേതൃത്വത്തിൽ ഒരു മാസ്റ്റർ പ്ളാൻ തയ്യാറാക്കി.<br>(ii) സംസ്ഥാനത്ത് ലഭ്യമായ റവന്യൂ ഭൂമി, പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമി, മിച്ച ഭൂമി, അവകാശികളില്ലാതെ തിരിച്ചെടുത്ത ഭൂമി (escheat land) തുടങ്ങിയവയുടെ വിവരങ്ങൾ ശേഖരിക്കുകയും ഇതിൽ പരമാവധി ഭൂമി ജില്ലാ കളക്ടർമാർ മുഖേന വിതരണം നടത്തുകയും ചെയ്തു.<br>(iii) നാളിതുവരെയായി 6251 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 8417.34 ഏക്കർ ഭൂമി വിതരണം ചെയ്തു.<br>(iv) കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലായിരുന്ന ആറളം ഫാം 42.09 കോടി രൂപ നൽകി സംസ്ഥാന സർക്കാർ വാങ്ങുകയും |

| | | |
|---|---|---|
| | | പുനരധിവസിപ്പിച്ചിട്ടുള്ള ആദിവാസി കുടുംബങ്ങൾക്ക് ഒരു സേവന ദാതാവായി പ്രവർത്തിക്കുക എന്ന ഉദ്ദേശത്തോടു കൂടി രജിസ്റ്റർ ചെയ്ത ആറളം ഫാമിംഗ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ്-ന് പകുതി ഭാഗം ഭൂമി ഏൽപ്പിക്കുകയും ചെയ്തു. കൂടാതെ, കണ്ണൂർ ജില്ലയിലെ ഭൂരഹിത/നാമമാത്ര ഭൂമിയുള്ളവരായ 2470 കുടുംബങ്ങൾക്ക് മൂന്ന് ഘട്ടങ്ങളിലായി ഭൂമി വിതരണം നടത്തുകയുണ്ടായി. ബാക്കിവരുന്ന ഭൂമി കണ്ണൂർ, വയനാട് ജില്ലകളിലെ ഭൂരഹിത ആദിവാസി കുടുംബങ്ങൾക്ക് വിതരണം നടത്തുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ നടന്നു വരുന്നു.<br>(v) സംസ്ഥാനത്തെ ഭൂരഹിത ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്നതിനായി 700 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി ഫണ്ടിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചു.<br>(vi) ഏറ്റവും കൂടുതൽ ഭൂരഹിത ആദിവാസി കുടുംബങ്ങൾ ഉള്ള വയനാട് ജില്ലയിലെ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വിലയ്ക്ക് വാങ്ങി വിതരണം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇതിലേക്കായി സർക്കാർ 50,00,00,000/- രൂപ (അൻപത് കോടി രൂപാ മാത്രം) അനുവദിച്ചു. ഇതിൽ 40,00,00,000/- (നാൽപ്പത് കോടി രൂപാ മാത്രം) വയനാട് ജില്ല ആദിവാസി പുനരധിവാസ വികസന മിഷന് കൈമാറിയിട്ടുണ്ട്. ഭൂമി അക്വയർ ചെയ്ത്/വിലയ്ക്ക് വാങ്ങി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ജില്ലയിൽ പുരോഗമിച്ച് വരുന്നു.<br>(vii) സംസ്ഥാനത്ത് ലഭ്യമായ നിക്ഷിപ്ത വനഭൂമി ഭൂരഹിത ആദിവാസികൾക്ക് വിതരണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു. ഇക്കാര്യത്തിൽ ബഹു: സുപ്രീം കോടതിയിൽ നിലവിലുള്ള കേസിൽ തീരുമാനമാകുന്ന മുറയ്ക്ക് ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വിതരണം നടത്തുന്നതാണ്. |
| ഡി | ആദിവാസികൾക്ക് ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട് ട്രൈബൽ മിഷൻ ഇതേവരെ നടത്തിയ പ്രവർത്തനത്തിന്റെ വിശദാംശം ലഭ്യമാക്കുമോ; | ആദിവാസികൾക്ക് ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട് ട്രൈബൽ മിഷൻ ഇതേവരെ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>(i)ഭൂരഹിതരും ഒരേക്കറിൽ താഴെ ഭൂമിയുള്ളവരുമായ ആദിവാസി കുടുംബങ്ങളുടെ വിവരങ്ങൾ ജില്ലാ കളക്ടർമാരിൽ നിന്നും ശേഖരിച്ചു.<br>(ii)ഓരോ ജില്ലയിലേയും റവന്യൂ ഭൂമി, പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമി, മിച്ച ഭൂമി, അവകാശികളില്ലാതെ തിരിച്ചെടുത്ത ഭൂമി (escheat land) തുടങ്ങിയവയുടെ വിവരങ്ങൾ ശേഖരിക്കുകയും ഇവ വിതരണം നടത്തുന്നതിന് അതാതു ജില്ലാ കളക്ടർമാർ ചെയർമാൻമാരായ ജില്ലാ ആദിവാസി പുനരധിവാസ വികസന മിഷനുകൾ മുഖേന നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br>(iii) ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി ഭൂമി കണ്ടെത്തുന്നതിന് വകുപ്പ് തലവന്മാർ, ജില്ലാ കളക്ടർമാർ എന്നിവരുടെ ഒരു ശില്പശാല 2002 ജൂൺ 27-ന് നടത്തുകയുണ്ടായി. ഈ ശില്പശാലയിൽ ഭൂമി വിതരണം താഴെപ്പറയുന്ന 4 ഘട്ടങ്ങളിലായി നടത്തുവാൻ തീരുമാനിച്ചു.<br>**<u>ഒന്നാം ഘട്ടം</u>:-** ലഭ്യമായ റവന്യൂ ഭൂമിയുടെയും നിയമ തടസ്സങ്ങളില്ലാത്ത മറ്റ് ഭൂമിയുടേയും വിതരണം<br>**<u>രണ്ടാം ഘട്ടം</u>:-** വിവിധ വകുപ്പുകളുടേയും സ്വയംഭരണ |

| | | |
|---|---|---|
| | | സ്ഥാപനങ്ങളുടേയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും കീഴിൽ ലഭ്യമാകുന്ന ഭൂമിയുടെ വിതരണം.<br>**<u>മൂന്നാം ഘട്ടം</u>:-** കേന്ദ്ര സർക്കാർ അനുമതിയോടെ ലഭ്യമാകുന്ന ഭൂമിയുടെവിതരണം.<br>**<u>നാലാം ഘട്ടം</u>:-** ഭൂമി അക്വയർ ചെയ്ത് വിതരണം<br><br>ഇതിൽ ഒന്നും രണ്ടും ഘട്ടങ്ങളിലെ ഭൂമി വിതരണമാണ് ഇപ്പോൾ നടന്നു വരുന്നത്. ഏറ്റവും കൂടുതൽ ഭൂരഹിത ആദിവാസികളുള്ള വയനാട് ജില്ലയിൽ ഭൂമി വിലയ്ക്ക് വാങ്ങി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>(iv) മുകളിൽ സൂചിപ്പിച്ച ഒന്ന്, രണ്ട്, മൂന്ന് ഘട്ടങ്ങളിൽ ലഭ്യമായ പരമാവധി ഭൂമി ഭൂരഹിത നാമമാത്ര ഭൂമിയുള്ള ആദിവാസി കുടുംബങ്ങൾക്ക് വിതരണം നടത്തി. ബാക്കി ലഭ്യമായ ഭൂമി വിതരണം നടത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാണ്. |
| ഇ | ഈ സ്ഥാപനം പ്രവർത്തിക്കുന്നത് എവിടെയാണ് ; ഇതിന്റെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിശദ വിവരം നൽകാമോ? | ഈ സ്ഥാപനം പ്രവർത്തിക്കുന്നത് തിരുവനന്തപുരത്തെ പാളയത്തെ കോ-ബാങ്ക് ടവേഴ്സിന്റെ മൂന്നാമത്തെ നിലയിലാണ്. ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ചു കൊണ്ടുള്ള 09/11/2001-ലെ ജി.ഒ.(പി)നം.63/2001/പജാ.പവ. വിവ. എന്ന ഉത്തരവിലാണ് മിഷന്റെ സ്റ്റാഫ് പാറ്റേൺ പ്രതിപാദിച്ചിട്ടുള്ളത് (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു).<br>എന്നാൽ താഴെപ്പറയുന്ന തസ്തികകളിൽ മാത്രമാണ് നിലവിൽ ഉദ്യോഗസ്ഥരുള്ളത്.<br>1. ചീഫ്<br>2. വിദഗ്ധൻ (ആദിവാസി വികസനം) - ഇപ്പോൾ ഈ തസ്തിക പ്രോജക്ട് ഓഫീസർ എന്ന് പുന: നാമകരണം ചെയ്തിട്ടുണ്ട്.<br>3. മെമ്പർ (വനം)<br>4. ഫിനാൻസ് ഓഫീസർ (ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ - വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ)<br>5. ഓഫീസ് മാനേജർ (പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ജൂനിയർ സൂപ്രണ്ട് തസ്തികയിലുള്ള ഉദ്യോഗസ്ഥൻ - വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ) )<br><br>കൂടാതെ നാല് സൈറ്റ് മാനേജർ തസ്തികകൾ 16/10/2009-ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്)നമ്പർ 87/2009/ പജാ.പവ.വിവ പ്രകാരം സൃഷ്ടിക്കുകയും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: * 238 — 14.07.2011-ൽ മറുപടിക്ക്

## പമ്പ് ഹൗസുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റി കരാറുകാർക്ക് ചെയ്ത ജോലികളുടെ തുക നൽകാത്തതുകാരണം പമ്പ് ഹൗസുകളിലെ കത്തിപ്പോയ മോട്ടോറുകളുടെ റിപ്പയറുകൾ യഥാസമയം ചെയ്യുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ഇല്ലെങ്കിൽ ഇക്കാര്യം അന്വേഷിച്ച് ആവശ്യമായ നടപടി കൈക്കൊള്ളുമോ;<br>(സി) പമ്പ് ഹൗസുകളിൽ പമ്പിംഗ് സമയം കുറച്ചിട്ടുണ്ടോ; | എ ബി & സി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും കുടിവെള്ള വിതരണം മുടങ്ങാതിരിക്കുന്നതിലേയ്ക്കായി പമ്പ് ഹൗസുകളിലെ കത്തിപ്പോയ മോട്ടോറുകളുടെ അറ്റകുറ്റപണികൾ ചെയ്യുന്നുണ്ട്. |
| (ഡി) സമയം കുറയ്ക്കുവാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) മഴക്കാലത്ത് വെള്ളത്തിന്റെ ഉപയോഗം കുറവായതിനാലും, കുഴൽ കിണറുകളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ചും ചില പമ്പ് ഹൗസുകളിൽ പമ്പിംഗ് സമയം കുറച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 239 — 14-07-2011-ൽ മറുപടിയ്ക്ക്

യൂത്ത് സെന്ററുകൾ ആരംഭിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.കെ. നാരായണൻ:<br>ശ്രീ. കെ. രാധാകൃഷ്ണൻ:<br>ശ്രീ. ആർ. രാജേഷ്:<br>ശ്രീ. ബി.ഡി. ദേവസ്സി: | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)) |
| (എ) സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പഞ്ചായത്തുകളിൽ പ്രവർത്തനം ആരംഭിച്ച യുവശക്തി പദ്ധതി, യൂത്ത് കോഡിനേറ്റർ പദ്ധതി എന്നിവ പരിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് നിലയിലായിരിക്കും പരിഷ്ക്കരണം നടത്തുന്നത്;<br>(ബി) യുവശക്തി പദ്ധതിയെ വിപുലീകരിക്കാൻ ഏതെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; | (എ) & (ബി) യുവജന ക്ഷേമ ബോർഡ് പുന:സംഘടിപ്പിച്ചതിനുശേഷം ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

| | |
|---|---|
| (സി) യുവജന ക്ലബ്ബുകളേയും സംഘടനകളേയും പഞ്ചായത്തുകളുടെ വികസന പ്രവർത്തനങ്ങളിൽ സഹകരിക്കാനായി യൂത്ത് സെന്ററുകൾ ആരംഭിക്കാനുള്ള മുൻ സർക്കാരിന്റെ നിർദ്ദേശം നടപ്പിലാക്കുമോ ? | (സി) യുവശക്തി പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് യൂത്ത് സെന്ററുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 240 — 14.07.2011 ൽ മറുപടിയ്ക്ക്

## വ്യാജ മരുന്ന വിൽപ്പന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ<br>ശ്രീമതി. പി.അയിഷാ പോറ്റി<br>ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ) | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള സൗകര്യക്കുറവ് മുതലാക്കി വ്യാജ മരുന്ന് ലോബി ഗുണനിലവാരം കുറഞ്ഞ മരുന്നുകളും വ്യാജമരുന്നുകളും വ്യാപകമായി വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് വ്യാജമരുന്ന് ലോബികൾ ഗുണനിലവാരം കുറഞ്ഞ മരുന്നുകളും, വ്യാജ മരുന്നുകളും വ്യാപകമായി വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങനെ കണ്ടെത്തിയ നാലിനം വ്യാജ മരുന്നുകൾ നിർമ്മിച്ച് വില്പന നടത്തിയ രണ്ട് സ്ഥാപനങ്ങൾ കണ്ടുകെട്ടി നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ പോകുന്നതെന്ന് അറിയിക്കാമോ; | (ബി) സംസ്ഥാനത്ത് മരുന്നുകൾ പരിശോധിക്കുന്നതിനായി ഒരു ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയാണ് നിലവിൽ ഉള്ളത്. ഈ ലബോറട്ടറിയിൽ, ഒരു വർഷം അയ്യായിരത്തിൽ താഴെ മരുന്നുകളാണ് പരിശോധനയ്ക്ക് വിധേയമാക്കുന്നത്. കൂടുതൽ മരുന്നുകൾ പരിശോധിക്കുന്നതിന്, എറണാകുളത്ത് ഒരു റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ പണി നടന്നു വരുന്നു. ഇത് പ്രവർത്തനം ആരംഭിക്കുമ്പോൾ മറ്റൊരു അയ്യായിരം മരുന്നുകൾക്കൂടി പരിശോധിക്കാനുള്ള സൌകര്യം നിലവിൽ വരും. മാത്രമല്ല സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഇന്റലിജൻസ് ബ്രാഞ്ച് വിഭാഗം ( തിരുവനന്തപുരത്ത് 1 അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ, 1 ചീഫ് ഇൻസ്പെക്ടർ ഡ്രഗ്സ് ഇന്റലിജൻസ് സ്ക്വാഡ്, 1 ഡ്രഗ്സ്ഇൻസ്പെക്ടർ സ്പെഷ്യൽ ഇന്റലിജൻസ് ബ്രാഞ്ച്) സംസ്ഥാനം മുഴുവൻ അധികാരപരിധിയുള്ളവരും കൂടാതെ ഓരോ സോണിലും ഒരു ഡ്രഗ്സ് ഇൻസ്പെക്ടർ ഇന്റലിജൻസ് ബ്രാഞ്ച് 4 പേർ)). സംസ്ഥാനത്ത് ഒട്ടാകെ ഇക്കാര്യത്തിൽ അന്വേഷണം നടത്തുന്നുണ്ട്. ഡ്രഗ്സ്ഇൻസ്പെക്ടർമാർ എല്ലാവരും മാസത്തിൽ പത്തു മരുന്നുകൾ വീതം മാർക്കറ്റിൽ നിന്നും ഗുണപരിശോധനയ്ക്ക് എടുക്കുകയും അവ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധിക്കുകയും ചെയ്യുന്നുണ്ട്. കൂടുതൽ അന്വേഷണങ്ങൾക്കായി എല്ലാ ഗുണനിലവാരമില്ലാത്ത മരുന്നുകളുടെയും വിശദവിവരങ്ങൾ അതാതു നിർമ്മാതാക്കളേയും സംസ്ഥാന ഡ്രഗ്സ് കൺട്രോളർ ഓഫീസിലും പ്രത്യേകമായി അറിയിക്കുന്നുണ്ട്. |
| (സി) പരിശോധനാ ലാബുകളുടെ പരിമിതി പരിഹരിക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച റീജിയണൽ ഡ്രഗ്സ് ടെസ്റ്റ് ലാബിന്റെ നിർമ്മാണപുരോഗതി വിലയിരുത്തിയിട്ടുണ്ടോ ? | (സി) ഉണ്ട് |

സെക്ഷൻ ഓഫീസർ